02
2021
നവംബർ
ചൊവ്വ
1197
തുലാം 17

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 178 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-178 പേജ് 4. വില 2.00 രൂപ




02 ഹരിതഗൃഹ വാതക പുറംതള്ളൽ റെക്കോർഡ് നിലവാരത്തിൽ: യുഎൻ
03 കോവിഡ്: 1.8 ലക്ഷം ആരോഗ്യ പ്രവർത്തകർക്ക് ജീവൻ നഷ്ടമായി
04 കേരളപ്പിറവി ദിനം ആഹ്ളാദത്തിന്റെയും അഭിമാനത്തിന്റെയും നിമിഷം: മുഖ്യമന്ത്രി

# കടലും തീരവും പുതിയ കാലത്തിനായി സജ്ജമാവുന്നു...

**യേശുദാസ് വില്യം**



അറബിക്കടലിൽ രുപം കൊണ്ട ചക്രവാകച്ചുഴി അപായസൂചനയുടെ അപ്രതീക്ഷിത മുന്നറിയിപ്പായെങ്കിലും കേരളത്തിലെ വലിയ മുക്കുവൻമാർ കടലിലെ നീരൊഴുക്ക് നോക്കി അവരുടെ യാനങ്ങൾ കടലിലിറക്കി.പന്ത്രണ്ട് നോട്ടിക്കൽ മൈലിനപ്പുറത്ത് ഇരുന്നൂറ് നോട്ടിക്കൽ മൈലിനുള്ളിലെ ആഴക്കടലിലേക്ക് കേരളത്തിന്റെ ഫിഷറീസ് മന്ത്രി സജി ചെറിയാൻ വലയെറിഞ്ഞപ്പോൾ വി.ഡി സതീശനും,കുഴൽനാടനും,ചിത്തരഞ്ജനും, കെ.ബാബു.ടിജെ വിനോദ്.ടൈസൻമാസ്റ്റർ തുടങ്ങിയവരെല്ലാം കടലിലേക്ക് അവരുടെ തോണികളിറക്കി.ഇന്നലെ തുലാവർഷം പുറത്ത് തിമിർത്തു പെയ്യുമ്പോൾ നിയമസാഭാമന്ദിരത്തിലെ നടുത്തളത്തിൽ കേരളത്തിന്റെ കടലും തീരവും ജീവിതവും അലയടിച്ചു.

മൽസ്യമേഖലയെ സംബന്ധിച്ച നിർണ്ണായകമായ നാലു ബില്ലുകൾ ചർച്ചക്കായി ഫിഷറീസ് മന്ത്രി സജി ചെറിയാൻ അവതരിപ്പിച്ചു.ബ്ലൂ ഇക്കോണമിയെ സംബന്ധിച്ചുള്ള നിയമം നംവംബറിൽ കേന്ദ്രം പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ കേരളത്തിന്റെ ആവിശ്യങ്ങളും ആവലാതികളും കേന്ദ്രത്തെ ബോധ്യപ്പെടുത്തുന്നതു സംബന്ധിച്ച ആശങ്ക നീറി നിൽക്കുമ്പോഴാണ് നമ്മളുടെ ബില്ലുകളും ചർച്ചക്കും ഭേദഗതിക്കുമായി സഭക്ക് മുമ്പിൽ എത്തിയത്.പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ ജീവിതത്തിൽ മാറ്റങ്ങൾ കൊണ്ടുവരണമെന്ന ഇച്ഛാശക്തിയോടെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന ബില്ലുകൾ പക്ഷേ മൽസ്യമേഖലയിൽ സൃഷ്ടിക്കാവുന്ന പ്രത്യാഘാതങ്ങൾ ഗുരുതരമാണന്ന് അംഗങ്ങളുടെ ചർച്ച വെളിപ്പെടുത്തി.മൽസ്യത്തൊഴിലാളിയുടെ കുട്ടി മൽസ്യത്തൊഴിലാളിയാവാൻ മോഹിപ്പിക്കുന്ന തരത്തിൽ മാറ്റങ്ങൾ കൊണ്ടുവരികയും,മേഖലയെ പരിഷ്കരിക്കയും ചെയ്യണം.മാത്യു കുഴൽ നാടൻ പറഞ്ഞു. തീരക്കടലിൽ മൽസ്യമില്ല.ആന്ധ്രയിൽ നിന്നുമാണ് മൽസ്യം വരുന്നത് മൽസ്യശോഷണം മുൻകുട്ടി കണ്ടു പ്രവർത്തിച്ചതിന്റെ ഫലമാണത്.വലിയ പിഴ ഈടാക്കുന്ന നിയമം കൊണ്ടുവരുമ്പോൾ നമ്മുടെ മൽസ്യബന്ധന ഹാർബറുകളുടെ നിലവാരവും പ്രവർത്തനവും മെച്ചപ്പെടണം.

തീരം നേരിടുന്ന പ്രധാന പ്രതിസന്ധികൾ ചർച്ചയിൽ വന്നു.സുരക്ഷാ മുന്നറിയിപ്പ് സൃഷ്ടിക്കുന്ന തൊഴിൽ നഷ്ടത്തിന് ചെറിയൊരു തുക സഹായധനം മന്ത്രി പ്രഖ്യാപിച്ചെങ്കിൽ അത് എത്രയും പെട്ടന്നു നടപ്പിലാക്കണമെന്ന് വടകര എംഎൽഏ കെ.കെ.രമ പറഞ്ഞു.മൽസ്യബന്ധന ബോട്ടുകൾക്ക് ഇന്ധനവിലയോടൊപ്പം ഏർപ്പെടുത്തിയിട്ടുള്ള റോഡ് ടാക്സ് ഈ മേഖല നേരിടുന്ന ഏറ്റവും വലിയ അവഗണനയുടെയും നിരുത്തരവാദപരമായ സർക്കാർ സമീപനത്തിന്റെയും മികച്ച ഉദാഹരണമാണ്. പി.സി വിഷ്ണുനാഥ് ചൂണ്ടിക്കാട്ടി.ഇതിനു പരിഹാരമായി സർക്കാർ ഹാർബറുകൾ കേന്ദ്രീകരിച്ച് പമ്പുകൾ തുടങ്ങി ഈ കുരുക്കിൽ നിന്നും ട്രോളിംഗ് ബോട്ടുകളെ രക്ഷിക്കണം. രാജ്യത്തിന്റെ രക്ഷക പരിവേഷമുള്ള മൽസ്യത്തൊഴിലാളികൾ ബില്ലു നടപ്പിലായാൽ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ മുൻപിൽ കുറ്റവാളികളാണ്.മൽസ്യബന്ധനത്തിലെ പിഴവുകൾക്ക് ഒന്നും രണ്ടും വർഷം തടവ് ശിക്ഷയാണ് ബിൽ നിർദ്ദേശിച്ചിട്ടുള്ളത്. തോക്കിന്റെ ഭാഷ മൽസ്യത്തൊഴിലാളികളോട് പാടില്ലന്നും,ലോകത്ത് ആദ്യമായി കോവിഡിനെതിരെ പൂന്തുറ തീരത്ത് റൂട്ട് മാർച്ച് നടത്തിയതും തോക്കിന്റെ ഭാഷയാണന്ന് വിഷ്ണുനാഥ് പറഞ്ഞു.

പുനർഗഹം പദ്ധതിയുടെ തുകയിൽ മാറ്റം വരുത്തുക,ഇൻഷുറൻസ് പ്രീമിയം സർക്കാർ തലത്തിൽ അടക്കുവാൻ ആലോചിക്കണം, ഇന്ധന സബ്സിഡി നൽകുക,കടലിൽ കാണാതാവുന്നവർക്ക് ഒരുമാസത്തിനുള്ളിൽ മരണ സർട്ടിഫിക്കറ്റ് നൽകുക,(.നിലവിൽ ഏഴു കൊല്ലമാണ്.)ട്രോളിംഗ് നിരോധനം നിലവിലുള്ള ജൂൺ മാസം മാറ്റി സമയക്രമം പുനക്രമീകരിക്കണം,മിൽമാ മോഡൽ വളർത്തു മൽസ്യങ്ങൾ സംഭരിക്കുന്ന സംവിധാനം.തുടങ്ങി മൽസ്യത്തൊഴിലാളികൾ മൽസ്യബന്ധനം കഴിഞ്ഞ് സാക്ഷ്യപത്രം നൽകുന്നതു പോലുള്ള കടലും ഹാർബറും ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത ഉദ്യോഗസ്ഥർ തയ്യാറാക്കിയ നിയമങ്ങൾ മാറ്റണമെന്നും അംഗങ്ങൾ ആവിശ്യപ്പെട്ടു.

കേരളത്തിലെ മൽസ്യബന്ധനമേഖലയിൽ കാതലായ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന ബില്ല് മൽസ്യതേതൊഴിലാളികൾക്ക് ഫലപ്രദമായ തൊഴിലിനും ജീവിതത്തിനും വഴിയൊരുക്കുന്നതാവണമെന്ന കാര്യത്തിൽ അംഗങ്ങൾക്ക് എല്ലാം ഒറ്റ മനസ്സായിരുന്നു.

# നാല് പേർക്ക് വധശിക്ഷ, രണ്ട് പേർക്ക് ജീവപര്യന്തം

പാറ്റ്ന: ആറു പേരുടെ മരണത്തിനിടയാക്കിയ 2013 ലെ പാറ്റ്ന സ്ഫോടന പരന്പരക്കേസിൽ നാല് പേർക്ക് വധശിക്ഷ വിധിച്ച് എൻഐഎ കോടതി. രണ്ട് പേർക്ക് ജീവപര്യന്തം തടവും രണ്ട് പേർക്ക് 10 വർഷം തടവും കോടതി വിധിച്ചു. ഒരു പ്രതിക്ക് ഏഴുവർഷം തടവു ശിക്ഷയാണ് കോടതി വിധിച്ചത്.

2013 ഒക്ടോബർ 27നാണ് സ്ഫോടനം നടന്നത്. അന്നത്തെ ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന നരേന്ദ്ര മോദിയുടെ റാലി നടന്ന സ്ഥലത്താണു സ്ഫോടനമുണ്ടായത്. മണിക്കൂറുകളുടെ വ്യത്യാസത്തിൽ ഏഴു സ്ഫോടനങ്ങളാണ് അന്നു നടന്നത്. അന്ന് സ്ഫോടനത്തിലും ഭയന്നോടുന്നതിനിടെ നടന്ന തിക്കിലും തിരക്കിലും പെട്ട് ആറ് പേർ മരിക്കുകയും 90 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.



കേസിൽ പതിനൊന്നു പേർക്കെതിരേ എൻഐഎ കുറ്റപത്രം സമർപ്പിച്ചിരുന്നു. തെളിവുകളുടെ അഭാവത്തിൽ പ്രത്യേക എൻഐഎ കോടതി ജഡ്ജി ഗുർവീന്ദർ മഹോത്ര ഒരാളെ കുറ്റവിമുക്തനാക്കി. പ്രതികളിൽ ഉൾപ്പെട്ട പ്രായപൂർത്തിയാകാത്തയാളെ സംഭവത്തിൽ കുറ്റക്കാരനെന്ന് കണ്ട് മൂന്ന് വർഷത്തെ തടവിന് ജുവനൈൽ ജസ്റ്റിസ് ബോർഡ് ശിക്ഷിച്ചിരുന്നു.

ബിജെപിയുടെ പ്രധാന മന്ത്രിസ്ഥാനാർഥിയായി നരേന്ദ്ര മോദിയെ പ്രഖ്യാപിച്ചശേഷം ഗാന്ധി മൈതാനിയിൽ നടന്ന ഹുങ്കാർ റാലിയിലാണ് സ്ഫോടനമുണ്ടായത്. പാറ്റ്ന റയിൽവെ സ്റ്റേഷനിൽ രാവിലെ പത്തോടെയാണ് ആദ്യത്തെ സ്ഫോടനം നടന്നത്. അവശേഷിച്ചവ ഗാന്ധി മൈതാനത്തായിരുന്നു. മോദി പ്രസംഗിച്ച വേദിയിൽ നിന്നും 150 മീറ്റർ ദൂരെയാണ് രണ്ട് സ്ഫോടനങ്ങൾ നടന്നത്.

എന്നാൽ ഈ സമയത്ത് മോദിയും ബിജെപി നേതാക്കളും സ്ഥലത്തുണ്ടായിരുന്നില്ല. സ്ഫോടനത്തിന് ശേഷം സ്ഥലത്ത് നടത്തിയ തെരച്ചിലിൽ നാല് ബോംബുകൾ കൂടി കണ്ടെത്തിയിരുന്നു.

# പി.വി. അൻവർ എംഎൽഎ അഥവാ ഇതുവരെയും മൂല്യം നിർണ്ണയിക്കാത്ത രത്നം

**സോമവിചാരം**

**ഇ.സോമനാഥ്**



പി.വി.അൻവറിനെ എംഎൽഏ എന്നു വിളിക്കുന്നതിലും എനിക്കിഷ്ടം മെയ്ലാളീ എന്നു വിളിക്കാനാണ്.പത്തിരുപത്തഞ്ചു കൊല്ലം നിയമസഭയിലും അതിനുമുമ്പ് പാർലമെന്റിലും റിപ്പോർട്ടിംഗ് വേലക്കാരനായതു കൊണ്ട് മൊയ്ലാളിയും ജനപ്രതിനിധികളും തമ്മിലുള്ള വ്യത്യാസം ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ട്.അക്കാര്യം സഭകളിലെ സെക്യൂരിറ്റിക്കാരാണ് ആദ്യം തിരിച്ചറിയുക.അതിൽ അവർക്കു മാത്രം പ്രവർത്തിക്കുന്ന ആറാം ഇന്ദ്രീയമുണ്ട്.ആ ഇന്ദ്രീയം ഉണർന്നാൽ അവർക്കു മുതലാളിയേയും ജനപ്രതിനിധിയേയും വ്യക്തവും വ്യതിരക്തവുമായി വ്യവഛേദിക്കാനാവും.അവർ കൃത്യമായി മുതലാളിയെ കണ്ടാൽ വാലാട്ടും.ജനപ്രതിനിധിയെ കണ്ടാൽ മുരളും.പത്രക്കാരനെ കണ്ടാൽ കുരയ്ക്കും.അതുകൊണ്ടും പിൻവാങ്ങുന്നില്ലന്നു കണ്ടാൽ കടിക്കും.

ഒരു ദിവസം കടുത്ത മഴയത്തു ഞാൻ നിയമസഭയിൽ എത്തുന്നു.ഞാനൊരു ബിപിഎൽ ജീവനക്കാരനായതു കൊണ്ട് എനിക്കു സ്വന്തമായി കാറില്ല.എന്നാൽ ഓട്ടോക്കാരനോടു കൂലിയെക്കുറിച്ചു പിശകുകയുമില്ല.ഓട്ടോ സഭാ വളപ്പിനകത്തു കയറ്റാൻ ഞാൻ ഒരിക്കലും ശ്രമിച്ചിട്ടില്ല.എന്നാൽ അന്നത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഒന്ന് എന്നെ അകത്തു കയറ്റാൻ അനുവദിക്കണമെന്നു വാച്ച് ആൻഡ് വാർഡുകാരോട് ഞാൻ അപേക്ഷിച്ചു.എന്റെ നിയമസഭാ പാസും കാണിച്ചു.ഭാഗ്യവശാൽ ആ ചെറുപ്പക്കാർ നിയമസഭാ കവാടത്തിനു മുന്നിൽ മഴ കൊള്ളാതെ നിൽക്കാൻ എന്നെ അനുവദിച്ചു.അതു തന്നെ ഭാഗ്യമെന്നു ഞാൻ കരുതി.ഞാൻ പാതി നനഞ്ഞും നനയാതെയും നിൽക്കുമ്പോൾ എംഎൽഏ മാരുടേതല്ലാത്ത ഒരുപാടു വാഹനങ്ങൾ യഥേഷ്ടം അകത്തേക്കു പോകുന്നുണ്ടായിരുന്നു.പലരും കളങ്കിതർ.വാച് ആൻഡ് വാർഡുകാരോടു ചോദിച്ചപ്പോൾ 'അവരെല്ലാം വലിയ മുതലാളിമാർ'.അവരെ തടഞ്ഞാൽ ഞങ്ങൾക്കു പണികിട്ടും എന്നായിരുന്നു മറുപടി.ഏതായാലും മഴയൽപ്പം തോർന്നപ്പോൾ ചെറുപ്പക്കാർ എനിക്കു പ്രവേശനാനുമതി നൽകി.ചാറ്റൽ മഴയിൽ പാതി നനഞ്ഞു ഞാൻ സഭാമന്ദിരത്തിന്റെ അകത്തേക്കു കടക്കുവാനുള്ള വാതിൽക്കൽ എത്തി.സ്വാഭാവികമായും എന്നെക്കണ്ടു പരിചയമുള്ള വാച് ആൻഡ് വാർഡുകാർ എന്താണുകാര്യമെന്നന്വേഷിച്ചു.ഞാൻ കാര്യം പറഞ്ഞു അവരുടെ മറുപടി എനിക്കിഷ്ടമായി.'സാർ കൂടിയൊരു കാർ വാങ്ങു.ആരും തടയില്ല "എന്നായിരുന്നു അവരുടെ നിർദ്ദേശം.കൂടിയ കാറുകളുടെ പേരും അവർ പറഞ്ഞു തന്നു.കാറിനെക്കുറിച്ചോ മറ്റു വാഹനങ്ങളെക്കുറിച്ചോ ആദ്യക്ഷരമറിയാത്ത ഞാൻ അവരോടു സുല്ലിട്ടു.

പി.വി.അൻവർ അടിസ്ഥാനപരമായി ഒരു മൊയ്ലാളിയാണ്.മൊയ്ലാളിയാവുന്നത് ഒരു പാപമോ ശാപമോ അല്ല.വേദനിക്കുന്നൊരു കോടീശ്വരൻ എന്നു പറഞ്ഞത് അൻവർ സായ്വിന് ചേരും.അദ്ദേഹം നിയമസഭയിൽ വരുമ്പോൾ കൂർക്കം വലിക്കുന്നത് പ്രസ് ഗ്യാലറിയിൽ കേൾക്കാം..കോട്ടുവായിടുന്നത് സെക്രട്ടറിയേറ്റ് ഭിത്തികളെ പ്രകമ്പനം കൊള്ളിക്കും.സെക്രട്ടറിയേറ്റ് ഒരുപാട് പഴക്കമുള്ള പൈതൃക മന്ദിരമാണ്.അതുകൊണ്ട് അൻവർ മൊയ്ലാളി കഴിവതും നിയമസഭയിൽ ഹാജരാകരുതെന്ന് സംസ്ഥാന പുരാവസ്തു വകുപ്പാണ് നിർദ്ദേശിച്ചത്.ഇതിനെതിരെ അൻവർ സായ്വ് ആർക്കിയോളജിക്കൽ സർവ്വേ ഇന്ത്യയെ സമീപിച്ചെങ്കിലും ഫലമുണ്ടായില്ല.

അൻവർ മൊയ്ലാളിക്കു നിയമനിർമ്മാണം വലിയ ഹരമാണ്.റൂൾസ് ഓഫ് ബിസിനസ് കമ്പോടു കമ്പു വായിച്ചു ഹൃദിസ്ഥമാക്കിയ മറ്റധികം സാമാജികർ ഉണ്ടാവില്ല. എന്നു വച്ചു മൊയ്ലാളിയുടെ പ്രവർത്തനം നിയമസഭാ വളപ്പിന്റെ നാലതിരിൽ ഒതുങ്ങി നിൽക്കുമെന്നു കരുതിയാൽ തെറ്റി എവിടെ വികസന സാധ്യതയുണ്ടോ,അവിടെ അൻവർ സായ്വ് ഉണ്ടായിരിക്കും.എവിടെ ലൈഫ്ബോയ് ഉണ്ടോ, അവിടെ ആരോഗ്യമുണ്ടെന്ന പരസ്യ വാചകം പോലെ.അദ്ദേഹം കക്കാടംപൊയിലിൽ തീംപാർക്ക് സ്ഥാപിച്ചതതു പണ്ടു കടക്കെണിയിലായ ഗ്രാമത്തെ ഉദ്ധരിക്കാൻ മാത്രമുദ്ദേശിച്ചായിരുന്നു.പിന്നെ അവിടെയെവിടെയോ ഒരു അരുവി ഒഴുകുന്നതു കണ്ടു.അതു ചാലിയാറിൽ ചെന്നു വീഴുന്നതും ആത്യന്തികമായി അറബിക്കടലിലെ ഉപ്പു വെള്ളത്തിൽ വിലയം പ്രാപിക്കുന്നതും സായ്വിലെ ഹൈഡ്രോളജിസ്റ്റ് കണ്ടെത്തി.അതിനാൽ മലപ്പുറം,കോഴിക്കോട് ജില്ലകളിലെ ഭൂഗർഭ ജലനിരപ്പ് കുറയാതിരിക്കാൻ ഒരു തടയണ പണിതു.അതിന്റെ പേരിൽ കേൾക്കാത്ത പഴിയില്ല.എന്നാൽ തടയണയുടെ സമീപത്തു താമസിക്കുന്ന പാവപ്പെട്ടവരോടു ചോദിച്ചാൽ സത്യാവസ്ഥ ബോധ്യമാകും.തടയണയുള്ളതുകൊണ്ട തങ്ങൾ വെള്ളം കുടിച്ചു പോകുന്നുവെന്നായിരിക്കും മറുപടി.വെറുതെ പറയുന്നതല്ല;മേപ്പടിയാൻമാരോടു നേരിട്ടു സംസാരിച്ചു ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണു ഞാൻ തറപ്പിച്ചു പറയുന്നത്.

വികസനത്തിന്റെ വെള്ളിവെളിച്ചം എവിടെയാണു പതിക്കേണ്ടതെന്ന കാര്യം അൻവർ സായ്വിനെ ആരും പഠിപ്പിക്കേണ്ടതില്ല.അക്കാരൃത്തിൽ ആഫ്രിക്കയും,അന്റെർട്ടിക്കയും ആഡ്യൻപാറയും ഒരുപോലെ.അൻവർ മൊയ്ലാളിക്ക് നിയമസഭയിൽ വരാൻ കഴിയുന്നില്ല.അതുകൊണ്ടു നിലമ്പൂരുകാർക്ക് ഒരു നഷ്ടവും സംഭവിക്കുന്നില്ല.അവർക്കു സമായാസമയം സൗജന്യറേഷൻ കിട്ടുന്നുണ്ട്,വീട്ടു കരവും വസ്തുകരവും അടയ്ക്കാൻ പറ്റുന്നുണ്ട്.ഇതിലപ്പുറമൊന്നും എംഎൽഏ ചെയ്യേണ്ടതില്ല.സ്ഥലം എംഎൽഏ യായ അൻവർ രാഷ്ട്ര പുനർ നിർമ്മാണത്തിനുവേണ്ടിയാണ് ആഫ്രിക്കയിൽ പെയി അദ്ധ്വാനിക്കുന്നത്.അതു കോംഗോയിലാണോ ഘാനയിലാണോ എന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടില്ല.അൻവർ സായ്വിനെ നിയമസഭയിൽ കാണാത്തതു കൊണ്ട് നിലമ്പൂരിലെ ഒരു വോട്ടർക്കും പരാതിയില്ല.പറവൂരുകാരനായ വിഡി സതീശനാണെങ്കിൽ പരാതിയോടു പരാതി മാത്രം.പറവൂരിന്റെ 'ഠാവട്ടം' മാത്രം കണ്ടു ശീലിച്ചതിന്റെയാണു പ്രശ്നം.

സായ്വ് വിശ്വപൗരനാണ്.രാവിലെ നാസ്ത കഴിക്കുന്നതു ഘാനയിൽ,ഉച്ചഭക്ഷണം കോംഗോയിൽ,ഡിന്നർ പഴയ ഉഗാണ്ടയിൽ.ഇതൊന്നും സതീശനു ചിന്തിക്കാൻ പോലും പറ്റില്ല.അൻവർ സായ്വ് കുറെക്കാലമായി നാട്ടിലോ നിയമസഭയിലോ വരുന്നില്ലന്നതു ശരി.എന്നു വെച്ചാൽ അദ്ദേഹം പുരാവസ്തുക്കൾ ശേഖരിച്ചു മോൺസൺ മോനു കൈമാറാൻ വേണ്ടി അത്യധ്വാനം ചെയ്യുകയാണന്നു തെറ്റിദ്ധരിക്കരുത്.അദ്ദേഹം ചെയ്യുന്നതു ആഫ്രിക്കൻ രാജ്യങ്ങളിൽ കാണാമറയത്തു നിൽക്കുന്ന സ്വർണ്ണവും രത്നങ്ങളും കുഴിച്ചെടുക്കുവാനുള്ള ഭഗീരഥ പ്രയത്നത്തിൽ ഏർപ്പെട്ടിരിക്കുകയാണ് സായ്വ്.അദ്ദേഹം ആഫ്രിക്കൻ വനാന്തരങ്ങളിൽ പോയി താമസിക്കുന്നു.സിംഹങ്ങളെയും പുലികളെയും നേരിട്ടു കാണുന്നു,കഞ്ഞിയും ചുട്ടമീനും കഴിക്കുന്നു.ഇതിലെന്തിലാണു സതീശനു പരാതി.വല്ല അവിശ്വാസ പ്രമേയമോ മറ്റോ സഭയിൽ വന്നാൽ സായ്വ് ചാർട്ടേഡ് ഫ്ളൈറ്റിൽ നിയമസഭാസമുച്ചയത്തിൽ ലാൻഡ് ചെയ്യും.എന്നാൽ ഇപ്പോഴത്തെ സഭയിലെ അംഗസംഖ്യ വച്ചു നോക്കിയാൽ അതിന്റെആവിശ്യം വരുമെന്നു തോന്നുന്നില്ല.

അദ്ദേഹം ആഫ്രിക്കയിൽ ഖനനം നടത്തുന്നതിൽ നിലമ്പൂരുകാർക്ക് പരാതിയുണ്ടാവാൻ സാധ്യതയില്ല.കാരണം അവിടുത്തുകാർ പണ്ടേ സ്വർണ്ണ വേട്ടക്കാരാണ്.ചാലിയാറിലും അതിന്റെ കൈവഴികളിലും അരിച്ചരിച്ച് സ്വർണ്ണത്തരികൾ കണ്ടെത്തിയവർ.സ്വർണ്ണമല്ല രത്നമാണ് ഭാവിയുടെ ഖനിജമെന്നു സായ്വ് കണ്ടെത്തിയത് അദ്ദേഹത്തിന്റെ ദീർഘദൃഷ്ടി.അഥവാ ക്രാന്തദർശിത്വം.ഇതിനിടയിൽ ചോദ്യോത്തരം,ഉപക്ഷേപം,ശ്രദ്ധക്ഷണിക്കൽ,അടിയന്തിരപ്രമേയം,ചർച്ച,നിയമനിർമ്മാണം തുടങ്ങിയ മൈനർസെറ്റ് കാര്യങ്ങൾക്കു വേണ്ടി ചെലവഴിക്കാനുള്ള സമയം സായ്വിനില്ല.അദ്ദേഹം ഖനനം ചെയ്തു കൊണ്ടേയിരിക്കുകയാണ്.അദ്ദേഹത്തെ നിയമസഭയിൽ കാണാൻ പറ്റുന്നില്ലന്നതാണു പ്രതിപക്ഷനേതാവ് വി ഡി സതീശന്റെ പരാതി.മുതലാളിമാരുമായി വലിയ പഴക്കമില്ലാത്തതാണതിനു കാരണം.അൻവർസായ്വിന് വേണമെങ്കിൽ കേരള ലിവിങ്സ്റ്റൺ എന്ന വിളിപ്പേരു ചാർത്തിക്കൊടുക്കാം.ലിവിങ്സ്റ്റണെ കാണാതായ ശേഷം അന്വേഷിച്ച പുറപ്പെട്ട മട്ടിൽ ഒരു ആഫ്രിക്കൻ യാത്ര സതീശനു നടത്താവുന്നതാണ്.അങ്ങു കോംഗയിലോ ഘാനയിലോ ചെന്നാൽ ഘോരകാന്താര വിപിനത്തിൽ ഏതെങ്കിലും നദിക്കരയിൽ പച്ചമാംസം ചുട്ടെടുക്കാൻ തീ കൂട്ടുന്ന ഒരാളെ കണ്ടെത്തിയെന്നിരിക്കും.ഡോ.സ്റ്റാൻലി ചോദിച്ചതു പോലെ 'ഡോ.ലിവിങ്സ്റ്റൻ, ഐ പ്രേസ്യൂം'.എന്നു പര്യവേഷക പ്രമുഖനായ സതീശന് ഒരു ചെറിയ പാഠഭേദത്തോടെ ചോദിക്കാം ' അൻവർ സായ്വ് ഐ പ്രെസ്യൂം'.അങ്ങിനെ ചോദിക്കുന്നതിലാണ് ആനന്ദം,അല്ല പരമാനന്ദം.

പാവപ്പെട്ട സതീശന് അത്രയും മാനസീക ഔന്നിത്യം കൈവന്നിട്ടില്ല.സതീശൻ സാർ അതിനുവേണ്ടി കഠിനമായി അദ്ധ്വാനിക്കണം.അപ്പോൾ അദ്ദേഹത്തിന് ആഫ്രിക്കൻ വനാന്തരങ്ങളിൽ ചെന്ന് ' പി വി അൻവർ,ഐ പ്രെസ്യൂം'എന്നു ചോദിക്കുവാനുള്ള ആർജ്ജവം കൈവരും.അല്ലാതെ പ്രതിപക്ഷ നേതാവെന്ന സൗകര്യം ഉപയോഗിച്ചു നിയമസഭയിൽ കണകുണ പറഞ്ഞിട്ടു കാര്യമില്ല.ഏതായാലും അൻവർസായ്വിനെ ധർമ്മസങ്കടത്തിൽ നിന്നും മോചിപ്പിക്കാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നടപടി സ്വീകരിച്ചു തുടങ്ങിയത് എന്തുകൊണ്ടും സ്വാഗതാർഹമാണ്.ഖനനം പോലും ഓൺലൈനായി നടത്താനുള്ള അനുമതി നൽകുമെന്നാണ് വകുപ്പിന്റെ തീരുമാനം.ഖനനമെന്നാൽ കളിമണ്ണു കുഴിക്കലോ, പാറപൊട്ടിക്കലോ മാത്രമല്ല അതിന്റെ നിർവ്വചനത്തിൽ സ്വർണ്ണവും രത്നങ്ങളും കുഴിച്ചെടുക്കലും വരും.

അൻവർ സായ്വ് നിയമസഭയിൽ വരാത്തതു കൊണ്ട് കേരളത്തിന് ഒരു നഷ്ടവും സംഭവിക്കാൻ പോകുന്നില്ല.എന്നാൽ അദ്ദേഹം ഘാനയിലോ ഉഗാണ്ടയിലോ കോംഗോയിലോ സ്വർണ്ണമോ രത്നങ്ങളോ കണ്ടെത്തിയാൽ കളിമാറും.കേരളത്തിന്റെ ധനസ്ഥിതി ഒന്നുക്കുപത്തു വെച്ച് അടിവെച്ചടിവെച്ചു മുന്നേറും.ഇതൊന്നും തിരിച്ചറിയാൻ കഴിയാത്തവരാണ് 'അൻവർ,നീ എവിടെ ' എന്നു നിയമസഭയിൽ തൊണ്ട കീറുന്നത്.




ജൽ ജീവൻ മിഷൻ നിർവ്വഹണ സഹായ ഏജൻസികളുടെ പ്രവർത്തനോദ്ഘാടനം മുഖ്യമന്ത്രി ഓൺലൈനായി നിർവ്വഹിക്കുന്നു

# വീണ്ടും ഭീഷണിയുയർത്തി കോവിഡ് ജാഗ്രതവേണമെന്ന് ലോകാരോഗ്യ സംഘടന

ന്യൂയോർക്ക്: ഇന്ത്യയിൽ നൂറുകോടി വാക്സിനുകൾ നൽകിയെങ്കിലും കോവിഡ് ഉയർത്തുന്ന ഭീഷണി അവസാനിക്കുന്നില്ല. ഇപ്പോഴും പല രാജ്യങ്ങളിലും ഉയർന്നു വരുന്ന കോവിഡ് കേസുകളുടെ എണ്ണം വരാനിരിക്കുന്ന അപകടൈവസ്ഥയെക്കുറിച്ചുള്ള മുന്നറിയിപ്പാണെന്ന് പല വിദഗ്ധരും വ്യക്തമാക്കുന്നുണ്ട്. റഷ്യ, ബ്രിട്ടൺ, ചൈന തുടങ്ങിയ രാജ്യങ്ങളിൽ കോവിഡ് കേസുകളുടെ എണ്ണത്തിൽ വൻവർധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

രാജ്യങ്ങൾ കോവിഡ് നിയന്ത്രണങ്ങൾ ലഘൂകരിക്കാൻ തുടങ്ങിയതോടെ കേസുകളുടെ എണ്ണം വർധിച്ചതായി ലോകാരോഗ്യ സംഘടന കുറ്റപ്പെടുത്തി. ശൈത്യകാലം വരാനിരിക്കെ യൂറോപ്പിലടക്കം കേസുകളിലുടെ എണ്ണത്തിലുണ്ടായ വർധനവ് അപകടകരമാണെന്നും അത് തടയാൻ രാജ്യങ്ങൾ ശ്രദ്ധചെലുത്തണമെന്നും ലോകാരോഗ്യ സംഘടനയുടെ എമർജൻസി പ്രോഗ്രാമിന്റെ തലവൻ ഡോ. മൈക്ക് റയാൻ പറഞ്ഞു. നിൽവിൽ ഉയർന്നു വരുന്ന കോവിഡ് കേസുകളാൽ പല രാജ്യങ്ങളും പ്രതിസന്ധി ഉടല്ലെടുത്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ലോകാരോഗ്യ സംഘടനയുടെ ഏറ്റവും പുതിയ കണക്കുളുടെ അടിസ്ഥാനത്തിൽ ബ്രിട്ടണിലാണ് എറ്റവും കൂടുതൽ കേസുകൾ ഉയർന്നു വന്നിരിക്കുന്നത്. 2,83,756 കേസുകളാണ് കഴിഞ്ഞ ആഴ്ചയിൽ മാത്രം യുകെയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഏകദേശം 14 ശതമാനം കേസുകളുടെ വർധനവാണ് ബ്രിട്ടണിൽ ഉണ്ടായിരിക്കുന്നത്. റഷ്യയാണ് ഇതിൽ രണ്ടാം സ്ഥാനത്തുള്ളത്.

2,17,322 കേസുകളാണ് റഷ്യയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നാണ് ലോകാരോഘ്യ സംഘടന വ്യക്തമാക്കിയിരിക്കുന്നത്. ബ്രിട്ടൺന്റെ ഹെൽത്ത് സെക്യൂരിറ്റി ഏജൻസിയുടെ ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം രാജ്യത്ത് പടർന്നു പിടിക്കുന്നത് കോവിഡിന്റെ ഡെൽറ്റ വകഭേദത്തിന്റെ എവൈ. 4.2 എന്ന ഉപവിഭാഗത്തിൽപ്പെട്ട വൈറസാണ് എന്നാണ്. ഡൽറ്റയുടെ ഉപവിഭാഗമായാതിനാലാണ് അതിവേഗം പടർന്നു പിടിക്കുന്നതെന്ന് ഹെൽത്ത് സെക്യൂരിറ്റി ഏജൻസി വ്യക്തമാക്കി.

റഷ്യയിലും സ്ഥിതി ഗുരുതരം തന്നെയാണ്. ഈ ആഴ്ച അവസാനത്തോടെയോ അടുത്ത ആഴ്ചയുടെ തുടക്കത്തിലോ മോസ്കൊ ഉൾപ്പെടെയുള്ള നഗരങ്ങളിൽ ഇതുവരെ രേഖപ്പെടുത്തിയതിലും ഉയർന്ന കേസകൾ റിപ്പോർട്ട് ചെയ്യുമെന്ന് റഷ്യൻ ടിവി ചാനലായ റോസിയവണ്ണിനു നൽകിയ അഭിമുഖത്തിൽ മേയർ സെർജി സോബിയാനിൻ പറഞ്ഞു. ഇതു മുൻ നിർത്തിയാണ് റഷ്യൻ തലസ്ഥാനമായ മോസ്കോയിലടക്കം പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ജനങ്ങൾക്ക് ഒരാഴ്ചത്തേ ശമ്പളത്തോട്കൂടിയ അവധി പ്രഖ്യാപിച്ചിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പുതിയ കോവിഡ് കേസുകളിൽ മാത്രമല്ല മരണങ്ങളിലും ഉക്രയിനിൽ ഗണ്യമായ ഉയർന്ന നിരാക്കാണ് രേഖപ്പെടുത്തുന്നത്. ഉക്രൈൻ മന്ത്രാലയം പുറത്തിറക്കിയ റിപ്പോർട്ട് പ്രകാരം കഴിഞ്ഞ 24 മണിക്കൂറിനിടെ 22,415 പേർക്ക് രോഗം സ്ഥിരീകരിച്ചതായും 546 പേർക്ക് ജീവൻ നഷ്ടപ്പെട്ടതായും വ്യക്തമാക്കി. വർധിച്ചു വരുന്ന കോവിഡ് കേസുകളുടെ അടിസ്ഥാനത്തിൽ ചൈന വീണ്ടും ലോക്ഡൗണിലേക്ക് നീങ്ങുകയാണ്. അതിനു മുന്നോടിയായി ചൈനയിൽ സ്കൂളുകൾ അടച്ചു പൂട്ടാനും വിമാന സർവീസുകൾ റദ്ദാക്കാനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

തുടർച്ചയായ അഞ്ചാം ദിവസവും കോവിഡ് കേസുകളുടെ എണ്ണത്തിൽ വർധനവ് രേഖപ്പെടുത്തിയതോടെ അധികൃതർ കോവിഡ് സൗഹൃദ പ്രോട്ടോക്കോൾ പുറപ്പെടുവിച്ചു.

# കാലിഫോർണിയയിൽ സൈക്ലോൺ ബോംബ് രണ്ട് മരണം

കാലിഫോർണിയ: ഉഷ്ണതരംഗത്തിനും കാട്ടുതീയ്ക്കും പിന്നാലെ കാലിഫോർണിയയിൽ അതിശക്തമായ ചുഴലിക്കാറ്റും മഴയും. ഇതിനെ തുടർന്ന് സംസ്ഥാനത്ത് അങ്ങോളമിങ്ങോളം മണ്ണിടിച്ചിലും വെള്ളപ്പൊക്കവുമുണ്ടായി. കനത്ത മഴയെ തുടർന്ന് രണ്ട് മരണവും റിപ്പോർട്ട് ചെയ്തു. പസഫിക് സമുദ്രത്തിന് മുകളിൽ രൂപപ്പെട്ട ചുഴലിക്കാറ്റ് 'സൈക്ലോൺ ബോംബ്' ആണെന്ന് കാലാവസ്ഥാ കേന്ദ്രം അറിയിച്ചു. തമൽപൈസ് പർവത പ്രദേശത്ത് കഴിഞ്ഞ 12 മണിക്കൂറിൽ അര അടി മഴ രേഖപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ഞായറാഴ്ച വരെ വരൾച്ചാ ബാധയിൽ ബുദ്ധിമുട്ടിയിരുന്ന വടക്കൻ കാലിഫോർണിയയിലും വടക്ക് പടിഞ്ഞാറൻ പസഫികിനോട് ചേർന്ന കരപ്രദേശത്തുമാണ് കൊടുങ്കാറ്റും കനത്തമഴയും ആഞ്ഞടിച്ചിരിക്കുന്നത്. ഇതോടെ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. കാലിഫോർണിയയിൽ 1,68,000 ത്തിലധികം ആളുകൾക്ക് വൈദ്യുതി മുടങ്ങി. വാഷിങ്ടൺ സംസ്ഥാനത്ത് ഏകദേശം 1,72,000 പേർക്കും ഒറിഗോണിൽ 30,000 ത്തിലധികം പേരെയും വൈദ്യുതി മുടക്കം സാരമായി ബാധിച്ചു. വെള്ളപ്പൊക്കത്തെ തുടർന്ന് ബെർക്ക്ലിയിലെ തെരുവുകൾ അടച്ചു. ഓക്ലൻഡിലെ ബേ ബ്രിഡ്ജ് ടോൾ പ്ലാസയിലും വെള്ളം കയറി. ഗ്രേറ്റർ സിയാറ്റിൽ പ്രദേശത്ത് വാഹനത്തിന് മുകളിൽ മരം വീണാണ് രണ്ട് പേർ മരിച്ചതെന്ന് സർക്കാർ വൃത്തങ്ങൾ അറിയിച്ചു. 2021 തുടക്കത്തിലുണ്ടായ അതിശക്തമായ കാട്ടുതീയെ തുടർന്ന് ആയിരക്കണക്കിന് ആളുകൾ കാലിഫോർണിയയുടെ പടിഞ്ഞാറൻ പ്രദേശത്ത് നിന്ന് പലായനം ചെയ്യാൻ നിർബന്ധിതരായിരുന്നു. കാട്ടുതീ പടർന്ന് പിടിച്ച പ്രദേശങ്ങളിലെ താഴ്ന്ന പ്രദേശങ്ങൾ വെള്ളപ്പൊക്കത്തിനടിയിലാവാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ നിരീക്ഷകനായ നാഷണൽ വെതർ സർവീസിലെ മാർക്ക് ചെനാർഡ് പറഞ്ഞു. പടിഞ്ഞാറൻ തീരത്ത് 10 ഇഞ്ച് വരെ മഴ പെയ്യുമെന്നും അദ്ദേഹം നിരീക്ഷിച്ചു. സാൻ ഫ്രാൻസിസ്കോയിലൂടെ മണിക്കൂറിൽ 50 മൈലിലധികം വേഗത്തിൽ കാറ്റ് വീശുമെന്നും മുന്നറിയിപ്പുണ്ട്. സാക്രമെന്റോയിൽ കാറ്റിനെ പ്രതിരോധിക്കാൻ മണൽച്ചാക്കുകൾ വിന്യസിക്കുകയും ദുരിതാശ്വാസ കേന്ദ്രങ്ങൾ തുറക്കുകയും ചെയ്തു. ചുഴലിക്കാറ്റ് രണ്ട് ദിവസങ്ങൾക്ക് ശേഷം മധ്യ കാലിഫോർണിയയിൽ നിന്ന് തെക്കോട്ട് മാറുമെന്നും കാലാവസ്ഥാ കേന്ദ്രം അറിയിച്ചു.

# പൊതുകളിയിടം' പദ്ധതി പുരോഗമിക്കുന്നു

വെള്ളറട: പാറശാല മണ്ഡലത്തിലെ കായികമേഖലയുടെ കുതിപ്പിന് വഴിയൊരുക്കി പൊതുകളിസ്ഥലങ്ങൾ ആധുനിക സ്റ്റേഡിയങ്ങളാക്കിമാറ്റാൻ സി കെ ഹരീന്ദ്രൻ എംഎൽഎയുടെ നേതൃത്വത്തിൽ പദ്ധതി പുരോഗമിക്കുന്നു. 'പൊതുകളിയിടം' എന്ന ആശയം മുൻനിർത്തി ഓരോ പഞ്ചായത്തിലും കളിസ്ഥലം ഒരുക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

കായിക വികസനത്തിന്റെ അടിസ്ഥാനതത്വമാണ് മെച്ചപ്പെട്ട കളിസ്ഥലങ്ങളും മികച്ച പരിശീലനവും ആവശ്യമായ കായിക ഉപകരണങ്ങളും ഉറപ്പാക്കുകയെന്നത്. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് കായിക വികസനത്തിന്റെ പരമപ്രധാനമായ അടിസ്ഥാനതത്വംമുൻനിർത്തി ഏറ്റവും ശാസ്ത്രീയവും അത്യാധുനികവും മെച്ചപ്പെട്ടതുമായ കളിക്കളങ്ങൾ സംസ്ഥാനത്തിന്റെ എല്ലാ പ്രദേശത്തും ഉറപ്പാക്കുന്നതിൽ ഊർജ്ജിതമായ നടപടികളാണ് സ്വീകരിച്ചത്. സംസ്ഥാന കായിക വകുപ്പിന്റെ നേതൃത്വത്തിൽ ഏറ്റവും വിദഗ്ധരായ പരിശീലകരുടെ സേവനവും മെച്ചപ്പെട്ട കായിക ഉപകരണങ്ങളും ലഭ്യമാക്കുകയുണ്ടായി.

മണ്ഡലത്തിൽ ആനാവൂർ സ്റ്റേഡിയം ഏറ്റവും അത്യാധുനിക സംവിധാനത്തിൽ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. വോളിബോൾ, ക്രിക്കറ്റ്, വടംവലി, ഫുഡ്ബോൾ, ബാഡ്മിന്റൺ, തുടങ്ങിയ കായിക ഇനങ്ങൾക്കാണ് കൂടുതൽ പ്രചാരം ലഭിച്ചിട്ടുള്ളത്. മണ്ഡലത്തിലെ ഗ്രാമീണ മേഖലകളിൽ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്ന കലാകായിക സമിതികൾ കായിക പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ കളിസ്ഥലങ്ങളുടെ അഭാവം മേഖലയിലെ പ്രധാന പ്രശ്നമാണ്. വിവിധ സൈനിക വിഭാഗങ്ങളിലേക്കുള്ള കായികക്ഷമത പരിശീലനത്തിനായി മണ്ഡലത്തിലെ ഉദ്യോഗാർത്ഥികൾ മറ്റു സ്ഥലങ്ങളെയാണ് ആശ്രയിക്കുന്നത്. പടന്താലുമൂട് മുതൽ പരുത്തിപ്പള്ളി വരെ വ്യാപിച്ചു കിടക്കുന്ന വിശാലമായ മണ്ഡലത്തിൽ 92 പൊതുവിദ്യാലയങ്ങളാണുള്ളത്. അതിൽ പത്ത് സ്കൂളുകൾക്ക് മാത്രമാണ് സ്വന്തമായി കളിസ്ഥലം ഉള്ളത്. പാറശാല നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ കളിസ്ഥലങ്ങൾ ആധുനിക രീതിയിൽ നവീകരിക്കാൻ പദ്ധതി തയാറായിക്കഴിഞ്ഞു. പാറശാലയിലെ കലാഗ്രാമം ഗ്രൗണ്ട്, ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം, മഞ്ചവിളാകം സ്റ്റേഡിയം,

മണിവിള ചന്ത മൈതാനം, പെരുങ്കടവിള പഞ്ചായത്തിൽ മാരായമുട്ടം സ്കൂൾ ഗ്രൗണ്ട്, ഒറ്റശേഖരമംഗലത്തെ കുറ്ററ സ്റ്റേഡിയം, ആര്യൻകോട് പഞ്ചായത്തിലെ ചെമ്പൂർ സ്റ്റേഡിയം അമ്പൂരിയിലെ കുട്ടമല സ്കൂൾ ഗ്രൗണ്ട്, പന്ത സ്റ്റേഡിയം, കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ സ്റ്റേഡിയം, വെള്ളറടയിലെ ആറാട്ടുകുഴി സ്റ്റേഡിയം, ആനാവൂർ ഗവ. ഹയർസെക്കൻഡറി സ്കൂൾ സ്റ്റേഡിയം എന്നിവ നവീകരിക്കും.

# പലസ്തീൻ മനുഷ്യാവകാശ സംഘടനകളെ തീവ്രവാദ സംഘടനകളായി പ്രഖ്യാപിച്ച് ഇസ്രയേൽ

ജറുസലേം: അന്താരാഷ്ട്ര തലത്തിൽ പിന്തുണയേറെയുള്ള ആറു പലസ്തീൻ മനുഷ്യാവകാശ സംഘടനകളെ തീവ്രവാദ സംഘടനകളായി പ്രഖ്യാപിച്ച് ഇസ്രയേൽ. പോപ്പുലർ ഫ്രണ്ട് ഫോർ ദ ലിബറേഷൻ ഓഫ് പലസ്തീൻ (പിഎഫ്എൽപി) എന്ന സംഘടനയുമായി ബന്ധമുണ്ടെന്ന് ആരോപിച്ചാണ് ആറു മനുഷ്യാവകാശ സംഘടനകളെ തീവ്രവാദ സംഘടനകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയതെന്ന് ഇസ്രയേൽ പ്രതിരോധമന്ത്രാലയം വ്യക്തമാക്കി. ഇസ്രയേലിന്റെ നടപടി വിവാദമായതിനു പിന്നാലെ അതൃപ്തി അറിയിച്ച് പലസ്തീൻ അധികൃതരും അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനകളും രംഗത്തെത്തി.

വളരെക്കാലമായി മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സംഘടനകളിലൊന്നായ അൽ ഹഖും കുട്ടികളുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുന്ന ഡിഫൻസ് ഓഫ് ചിൽഡ്രൻ ഇന്റർനാഷണൽ പലസ്തീനും(ഡിസിഐപി) ഇസ്രയേലിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആറു സംഘടനകൾക്കും പിഎഫ്എൽപിയുമായി രഹസ്യബന്ധമുണ്ടെന്നും ഈ സംഘടനകൾ പല സാമ്പത്തിക ഇടപാടുകളും നടത്തിയിരുന്നതായും ഇസ്രയേൽ ആരോപിച്ചു.

പിഎഫ്എൽപിയുടെ പ്രവർത്തനങ്ങൾക്ക് സഹായകമാകും വിധമാണ് ഈ സംഘടനകൾ പ്രവർത്തിക്കുന്നതെന്നും ഇസ്രയേൽ വ്യക്തമാക്കി. ഈ സംഘടനകളുടെ പ്രവർത്തനത്തിനായി നിരോധിത ഗ്രൂപ്പായ പിഎഫ്എൽപി നിരവധി പ്രവർത്തകരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഇസ്രയേൽ പ്രസ്താവനയിൽ ആരോപിച്ചു. യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനകളിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ ഈ സംഘടനകൾ പിഎഫ്എൽപിക്കായി വഴിവിട്ട് ചെലവാക്കുന്നതായും ആരോപണമുണ്ട്. എന്നാൽ ഇസ്രയേൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ തീർത്തും അസംബന്ധമാണെന്ന് അൽ ഹഖിന്റെ ജനറൽ ഡയറക്ടർ ഷവാൻ ജബാരിൻ വ്യക്തമാക്കി. ഇതൊരു രാഷ്ട്രീയ നീക്കമാണെന്നും പലസ്തീനെതിരായ ഇസ്രയേലിന്റെ അധിനിവേശത്തിനും അനീതികൾക്കും അതിരുകളില്ലെന്ന് തെളിയിക്കുന്നതാണ് ഈ സംഭവവികാസങ്ങളെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

എന്നാൽ ഇതൊന്നും പലസ്തീൻ ജനതയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളോ ഇസ്രയേൽ നടത്തുന്ന അധിനിവേശത്തിലെ കുറ്റകൃത്യങ്ങളോ അന്താരാഷ്ട്ര തലത്തിൽ തുറന്നു കാട്ടുന്നതിൽ നിന്നും തങ്ങളെ തടയാൻ കഴിയില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇത്തരം അപകീർത്തികരമായ നടപടികളിലൂടെ പലസ്തീൻ ജനതയുടെ മൗലികാവകാശങ്ങൾ തകർക്കുന്നതിനായി ഇസ്രയേൽ നടത്തുന്ന തന്ത്രപരമായ നീക്കമാണിതെന്ന് പലസ്തീനിലെ ഔദ്യോഗിക വൃത്തങ്ങൾ വെളിപ്പെടുത്തി. ഇതിനുമുൻപും പലസ്തീൻ സംഘടനകൾക്കു മേൽ ഇത്തരം ആരോപണങ്ങളുമായി ഇസ്രയേൽ രംഗത്തെത്തിയിരുന്നു എന്നാൽ അതോന്നും പിന്നീട് തെളിയിക്കാൻപോലും അവർക്കായിരുന്നില്ല.

പലസ്തീൻ ജനതയ്ക്ക് നൽകിവരുന്ന സാമ്പത്തിക സഹായങ്ങളിൽനിന്ന് യൂറോപ്യൻ രാജ്യങ്ങളെ പിന്തിരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇസ്രയേൽ കെട്ടിച്ചമയ്ക്കുന്ന വ്യാജവാർത്തകളാണിതെന്ന് പലസ്തീൻ അധികൃതർ കുറ്റപ്പെടുത്തി.

# ഹരിതഗൃഹ വാതക പുറംതള്ളൽ റെക്കോർഡ് നിലവാരത്തിൽ: യുഎൻ

വാഷിങ്ടൺ: കോവിഡിനെ തുടർന്ന് ഏർപ്പെടുത്തിയ ലോക്ഡൗണുകൾക്കിടയിലും ഹരിതഗൃഹ വാതകത്തിന്റെ പുറംതള്ളൽ പുതിയ റെക്കോർഡിലെത്തിയതായി ഐക്യരാഷ്ട്രസഭയുടെ റിപ്പോർട്ട്. പ്രധാനപ്പെട്ട എല്ലാ ഹരിതഗൃഹ വാതകങ്ങളും കഴിഞ്ഞ ദശകത്തിലെ ശരാശരിയേക്കാൾ വേഗത്തിൽ 2020 ൽ ഉയർന്നതായി ലോക കാലാവസ്ഥ സംഘടന(ഡബ്ല്യുഎംഒ) കഴിഞ്ഞ ദിവസം പുറത്തുവിട്ട് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് വ്യാവസായിക വിപ്ലവത്തിന് മുമ്പുളളതിനേക്കാൾ 50 ശതമാനം ഇരട്ടിയായി. മീഥേന്റെ അളവ് ഇരട്ടിയായതായും ഡബ്ല്യുഎംഒ അറിയിച്ചു. കാലാവസ്ഥാ പ്രതിസന്ധി കൂടുതൽ വഷളായിക്കൊണ്ടിരിക്കുകയാണെന്ന സന്ദേശമാണിത് നൽകുന്നതെന്ന് ഡബ്ല്യുഎംഒ മേധാവി പ്രൊഫ പെറ്ററി താലസ് പറഞ്ഞു. ഗ്ലാസ്ഗോയിൽ നടക്കുന്ന കോപ്26 കാലാവസ്ഥാ ഉച്ചകോടിക്ക് ഇത് ഒരു സന്ദേശമാണ്. 2050 ഓടെ ഹരിതഗൃഹ വാതകങ്ങളുടെ പുറംതള്ളൽ അവസാനിപ്പിക്കുകയും ഏറ്റവും മോശം കാലാവസ്ഥാ പ്രത്യാഘാതങ്ങൾ ഒഴിവാക്കുകയും ചെയ്യുക എന്ന ലക്ഷ്യം സജീവമായി നിലനിർത്താൻ ചർച്ചകൾ നടത്തി ഉച്ചകോടിയിൽ നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കൽക്കരി, എണ്ണ, ഗ്യാസ് എന്നിവ കത്തിക്കുന്നതാണ് കാർബൺ ഡൈ ഓക്സൈഡിന്റെ ഉറവിടം. ഇത് ആഗോള താപനത്തിന്റെ 66 ശതമാനത്തിന് കാരണമാകുന്നു. 2019 നെ അപേക്ഷിച്ച് 2020 ൽ കോവിഡ് നിയന്ത്രണങ്ങളെ തുടർന്ന് കാർബൺ ഡൈ ഓക്സൈഡിന്റെ പുറംതള്ളൽ അഞ്ച് ശതമാനം കുറഞ്ഞു. എന്നാൽ കോടിക്കണക്കിന് ടൺ കാർബൺ ഇപ്പോഴും അന്തരീക്ഷത്തിലേക്ക് പമ്പ് ചെയ്യപ്പെട്ടിട്ടുണ്ടെന്നും ഡബ്ല്യുഎംഒ വ്യക്തമാക്കി. ഹരിതഗൃഹ വാതകങ്ങളുടെ സാന്ദ്രതയിലെ ഇപ്പോഴത്തെ കണക്കനുസരിച്ച് ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ 1.5 മുതൽ 2 സെൽഷ്യസ് വരെയായേക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഇത് പാരീസ് ഉടമ്പടിയുടെ ലക്ഷ്യത്തേക്കാൾ കൂടുതലാണ്. ഹരിതഗൃഹ വാതകങ്ങളുടെ വർദ്ധിച്ചുവരുന്ന അളവ് ദൈനംദിന ജീവിതത്തിനും ക്ഷേമത്തിനും ഭാവിക്കും വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. വാതകങ്ങളുടെ പുറംതള്ളൽ കുറയ്ക്കുന്നതിന് വേണ്ടി വ്യാവസായിക, ഊർജ്ജ, ഗതാഗത സംവിധാനങ്ങളും മുഴുവൻ ജീവിതരീതികളും പുനഃപരിശോധിക്കണമെന്നും നഷ്ടപ്പെടുത്താൻ ഇനി സമയമില്ലെന്നും താലസ് വ്യക്തമാക്കി.

# പൻഡോറ പേപ്പേഴ്സ്: ഇക്വഡോർ പ്രസിഡന്റിനെതിരെ അന്വേഷണം ആരംഭിച്ചു

കിറ്റോ: അനധികൃത സ്വത്ത് സമ്പാദനം നടത്തിയെന്ന വിവരങ്ങൾ പൻഡോറ പേപ്പേഴ്സിലൂടെ പുറത്തുവന്നതിന് പിന്നാലെ ഇക്വഡോർ പ്രസിഡന്റ് ഗുയില്ലേർമൊ ലാസൊയ്ക്കെതിരെ അന്വേഷണം ആരംഭിച്ചതായി അറ്റോർണി ജനറലിന്റെ ഓഫിസ് അറിയിച്ചു. പൻഡോറ പേപ്പേഴ്സുമായി ബന്ധപ്പെട്ട് ഗുരുതരമായ ആരോപണങ്ങൾ പുറത്തുവന്നതിന് പിന്നാലെ ലാസോയ്ക്കെതിരെ അന്വേഷണം നടത്തണമെന്ന് മുൻ പ്രസിഡന്റ് സ്ഥാനാർത്ഥിയും ഗോത്രവർഗവിഭാഗത്തിന്റെ നേതാവുമായ യാകു പെരെസ് ആവശ്യപ്പെട്ടിരുന്നു.

നികുതി സ്വർഗരാജ്യങ്ങളിൽ ഉൾപ്പെടെ വ്യാജ മേൽവിലാസത്തിൽ ലാസോ നടത്തിയ സാമ്പത്തികനികുതി ഇടപാടുകളെക്കുറിച്ചാണ് ആദ്യഘട്ട അന്വേഷണം നടത്തുക. 2013ൽ പ്രസിഡന്റ് സ്ഥാനാർത്ഥിയായിരുന്ന കാലം മുതൽ ലാസോയുടേയും ബന്ധുക്കളുടേയും പേരിൽ നടത്തിയ സാമ്പത്തിക ഇടപാടുകൾ അന്വേഷിക്കണമെന്ന് പെരെസ് ആവശ്യപ്പെട്ടിരുന്നു. ഈ മാസം 18 മുതലാണ് അന്വേഷണം ആരംഭിച്ചത്. പ്രസിഡന്റിന്റെ ഓഫീസ് ഇതുമായി ബന്ധപ്പെട്ട് പ്രതികരിച്ചിട്ടില്ല. പഴയതും ആധികാരികമല്ലാത്തതുമായ രേഖകളാണ് പൻഡോറ പേപ്പറിലൂടെ പുറത്തുവിട്ടിരിക്കുന്നതെന്നാണ് ലാസോ നേരത്തെ പ്രതികരിച്ചിരുന്നത്. രണ്ടാമതും പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ഇതിൽ പറയുന്ന കമ്പനികളുടെ ഉടമസ്ഥാവകാശം ഉപേക്ഷിച്ചതായും ലാസോ പറഞ്ഞു. ജനപ്രതിനിധികളും സ്ഥാനാർത്ഥികളും നികുതി സ്വർഗരാജ്യങ്ങളിൽ നിക്ഷേപം നടത്തരുതെന്ന് 2017ൽ ഇക്വഡോർ നിയമം പാസാക്കിയിരുന്നു. പൻഡോറ പേപ്പേഴ്സിൽ പറയുന്ന കമ്പനികളെക്കുറിച്ച് ദേശീയ അസംബ്ലിയും അന്വേഷണം നടത്തും. പാർലമെന്റിന്റെ അന്വേഷണ കമ്മിഷന് മുന്നിൽ ഹാജരാകണമെന്നാവശ്യപ്പെട്ട് ലാസോയ്ക്ക് നോട്ടീസ് അയച്ചിരുന്നെങ്കിലും അദ്ദേഹം ഒഴിഞ്ഞുമാറിയതായാണ് റിപ്പോർട്ട്.

# വെബിനാർ സംഘടിപ്പിച്ചു

തിരുവനന്തപുരം: മലയാള ഭാഷയ്ക്കും സാഹിത്യത്തിനും പ്രശസ്ത നിരൂപകൻ പ്രൊഫ. കെ എം ഡാനിയൽ നൽകിയ സംഭാവനകൾ അമൂല്യമാണെന്ന് പ്രമുഖ സാഹിത്യകാരന്മാർ പങ്കെടുത്ത വെബിനാർ വിലയിരുത്തി. കേന്ദ്ര സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ പ്രൊഫ. കെ എം ഡാനിയലിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് സംഘടിപ്പിച്ച ഓൺലൈൻ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നുഅവർ. മൂന്നു പതിറ്റാണ്ടിലധികം നീളുന്ന കോളജ് അധ്യാപനത്തിലൂടെ ഡാനിയൽ സൃഷ്ടിച്ച ശിഷ്യസമ്പത്തും രചിച്ച പുസ്തകങ്ങളും അദ്ദേഹത്തിന്റെ നിത്യസ്മാരകങ്ങളാണെന്ന വസ്തുതയും സമ്മേളനം അനുസ്മരിച്ചു.

പ്രമുഖ നിരൂപകൻ പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള സമ്മേളനം ഉദ്ഘാടനം ചെയ്തു. അക്കാദമി ഉപദേശക സമിതി അംഗം ഡോ. കായംകുളം യൂനുസ് അധ്യക്ഷത വഹിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി റീജിയണൽ സെക്രട്ടറി എസ് പി മഹാലിംഗേശ്വർ, അക്കാദമി ഉപദേശക സമിതി അംഗം ഡോ. അജയപുരം ജ്യോതിഷ്കുമാർ, സുഭാഷ് ജോൺ മാത്യു, ഡോ. എഴുമറ്റൂർ രാജരാജവർമ്മ, ഡോ. സാബു കോട്ടുക്കൽ, ഡോ. സി ഉദയകല, ഡോ. ജോബിൻ ചാമക്കാല എന്നിവർ പങ്കെടുത്തു.

# അഭിമുഖം 8ന്

തിരുവനന്തപുരം: വട്ടിയൂർക്കാവ്, സെൻട്രൽ പോളിടെക്നിക് കോളജിൽ ട്രേഡ്സ്മാൻ(മെക്കാനിക്കൽഹൈഡ്രോളിക്സ്‌ലാബ്/ഹീറ്റ് എഞ്ചിൻ ലാബ്) തസ്തികയിലെ താൽക്കാലിക ഒഴിവിലേയ്ക്കുള്ള അഭിമുഖം ഈ മാസം 8ന് രാവിലെ 10ന് കോളജിൽ വച്ച് നടത്തും. ഐടിഐ(പ്ലംബിങ്/ഹൈഡ്രോളിക്സ്/ഡീസൽ മെക്കാനിക്/മോട്ടോർ മെക്കാനിക് വെഹിക്കിൾ)/കെജിസിഇ ഓട്ടോമൊബൈൽ/ടിഎച്ച്എസ് യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റ് സഹിതം കോളജിൽ നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക് ഫോൺ: 04712360391.



പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസ്റ്റർ പ്ലാൻ വ്യവസായ മന്ത്രി പി. രാജീവ് മുഖ്യമന്ത്രി പിണറായി വിജയന് സമർപ്പിക്കുന്നു

# റോഹിങ്ക്യൻ അഭയാർത്ഥി ക്യാമ്പിൽ ആക്രമണം; ഏഴുപേർ കൊല്ലപ്പെട്ടു

ധാക്ക: ബംഗ്ലാദേശിലെ റോഹിങ്ക്യൻ അഭയാർത്ഥി ക്യാമ്പിലുണ്ടായ ആക്രമണത്തിൽ ഏഴു പേർ കൊല്ലപ്പെടുകയും നിരവധിപേർക്ക് പരിക്കേൽക്കുകയും ചെയ്തു. കോക്സ് ബസാർ ജില്ലയിൽ പ്രവർത്തിച്ചു വരുന്ന ദാറുൽ ഉലും നദ്‌വത്തുൽ ഉലമ അൽ ഇസ്‌ലാമിയ മദ്രസയിലെ റോഹിങ്ക്യൻ അഭയാർത്ഥി ക്യാമ്പിലാണ് ആക്രമണം നടന്നത്. അക്രമികൾ അഭയാർത്ഥികൾക്ക് നേരെ വെടിയുതിർക്കുകയും മൂർച്ചയുള്ള ആയുധങ്ങളുപയോഗിച്ച് ആക്രമിക്കുകയുമായിരുന്നു എന്നാണ് റിപ്പോർട്ട്. നാലു പേർ സംഭവസ്ഥലത്തുവച്ചും മൂന്നു പേർ ആശുപത്രിയിൽവച്ചും മരിച്ചുവെന്ന് സന്നദ്ധ സംഘടനയായ ഡോക്ടേഴ്സ് വിത്തൗട്ട് ബോർഡേർസിലെ ആരോഗ്യ വിദഗ്ധർ അഭിപ്രായപ്പെട്ടു. പരിക്കേറ്റവരിൽ ചിലർക്ക് കൈയ്യും കാലും കണ്ണും നഷ്ടപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ടുണ്ട്. മരിച്ചവരിൽ ആറുപേരെ തിരിച്ചറിയാൻ സാധിച്ചിട്ടുണ്ട്. അക്രമവുമായി ബന്ധപ്പെട്ട് ഒരാളെ അറസ്റ്റ്ചെയ്തിട്ടുണ്ടെന്ന് പൊലീസ് സൂപ്രണ്ട് ഷിഹാബ് കൈസർ വ്യക്തമാക്കി. ആക്രമണത്തിനുപയോഗിച്ച നാടൻ തോക്കുകളും വെടിയുണ്ടകളും മൂർച്ചയുള്ള ആയുധങ്ങളും പൊലീസ് കണ്ടെടുത്തിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ അക്രമിയെക്കുറിച്ചോ അയാളുടെ ബന്ധത്തെക്കുറിച്ചോ യാതൊരു വിവരവും പുറത്തുവിടാൻ പൊലീസ് തയ്യാറായിട്ടില്ല. രണ്ട് ഗ്രൂപ്പുകൾ തമ്മിലുള്ള ഏറ്റുമുട്ടലാണ് ആക്രമണത്തിലേക്ക് നയിച്ചതെന്നാണ് പൊലീസ് സംശയിക്കുന്നത്. അതിന്റെ ഭാഗമായി ക്യാമ്പുകളിൽ പൊലീസ് വ്യാപകമായ തെരച്ചിൽ നടത്തുന്നുണ്ടെന്നാണ് റിപ്പോർട്ട്. റോഹിങ്ക്യൻ നേതാവായ മൊഹിബ് ഉള്ള കൊല്ലപ്പെട്ട് ഒരുമാസം പിന്നിടുന്നതിനു മുമ്പാണ് വീണ്ടും അഭയാർത്ഥികൾക്കുനേരെ ആക്രമണം നടക്കുന്നത്. മൊഹിബ് ഉള്ളയുടെ കൊലപാതകത്തിൽ അരകൻ റോഹിങ്ക്യൻ സാൽവേഷൻ ആർമി എന്ന ഭീകരസംഘടനയ്ക്ക് പങ്കുണ്ടെന്ന് അദ്ദേഹത്തിന്റെ സഹോദരനടക്കം ആരോപണം ഉന്നയിച്ചിരുന്നു. എന്നാൽ മൊഹിബ് ഉള്ളയുടെ കൊലപാതകത്തിൽ തങ്ങൾക്ക് പങ്കില്ലെന്ന് വെളിപ്പെടുത്തി ഭീകരസംഘടന രംഗത്തുവന്നിരുന്നു.

# കോവിഡ്: 1.8 ലക്ഷം ആരോഗ്യപ്രവർത്തകർക്ക് ജീവൻ നഷ്ടമായി

ജനീവ: ലോകത്തെ 13.5 കോടി ആരോഗ്യപ്രവർത്തകരിൽ 1.8 ലക്ഷം പേർ കോവിഡ് ബാധിച്ച് മരിച്ചതായി ലോകാരോഗ്യ സംഘടന. 2020 ജനുവരിക്കും 2021 മേയ്ക്കും ഇടയിലുള്ള കണക്കാണിത്.

ആരോഗ്യപ്രവർത്തകർക്ക് വാക്സിൻ നൽകുന്നതിൽ പ്രഥമപരിഗണന നൽകണമെന്ന് ലോകാരോഗ്യ സംഘടനാ മേധാവി ടെഡ്രോസ് അഥാനോം ഗബ്രിയേസസ് പറഞ്ഞു. 119 രാജ്യങ്ങളിലെ കണക്ക് പരിശോധിച്ചാൽ അഞ്ചിൽ രണ്ടുപേർ മാത്രമാണ് രണ്ടു ഡോസ് കോവിഡ് വാക്സിനും സ്വീകരിച്ചിട്ടുള്ളത്. എന്നാൽ സാമ്പത്തികമായി മേൽത്തട്ടിൽ നിൽക്കുന്ന മേഖലകളിലും ഗ്രൂപ്പുകളിലും ഇതിൽ വലിയ വ്യത്യാസമുണ്ടെന്നും അദ്ദേഹം പറഞ്ഞു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രാജ്യങ്ങളിൽ കോടിക്കണക്കിന് ആരോഗ്യപ്രവർത്തകർക്ക് ഒരു ഡോസ് വാക്സിൻ പോലും ലഭിച്ചിട്ടില്ല. ആഫ്രിക്കയിലെ ആരോഗ്യപ്രവർത്തകർക്കിടയിൽ പത്തിൽ ഒരാൾ മാത്രമാണ് മുഴുവൻ ഡോസ് വാക്സിനും സ്വീകരിച്ചത്. ഉയർന്ന വരുമാനമുള്ള രാജ്യങ്ങളിൽ എൺപത് ശതമാനത്തിൽ അധികം പേരും വാക്സിന്റെ രണ്ടു ഡോസും സ്വീകരിച്ചിട്ടുണ്ട്. പാവപ്പെട്ട രാജ്യങ്ങളിലെ വാക്സിൻ ക്ഷാമം മൂലം അടുത്ത വർഷവും കോവിഡ് മഹാമാരി അവസാനിക്കില്ലെന്ന് ലോകാരോഗ്യ സംഘടന കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. ആഫ്രിക്കൻ ജനസംഖ്യയുടെ അഞ്ച് ശതമാനം മാത്രമാണ് വാക്സിൻ സ്വീകരിച്ചതെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഈ വർഷം അവസാനത്തോടെ എല്ലാ രാജ്യങ്ങളും ആകെ ജനസംഖ്യയുടെ നാല്പത് ശതമാനത്തിന് മുഴുവൻ ഡോസ് കോവിഡ് വാക്സിനും നൽകുമെന്നാണ് കരുതിയത്. എന്നാൽ വാക്സിൻ ക്ഷാമത്തെ തുടർന്ന് 82 രാജ്യങ്ങൾക്ക് ഈ ലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ വർഷം ജനുവരിയിൽ കോവിഡ് പൊട്ടിപ്പുറപ്പെട്ടതിന് പിന്നാലെ ലോകത്ത് 24.24 കോടി ജനങ്ങൾക്ക് കോവിഡ് ബാധിച്ചു. ആകെ 49.29 ലക്ഷം പേർക്ക് ജീവൻ നഷ്ടപ്പെട്ടതായാണ് ജോൺസ് ഹോപ്കിൻസ് സർവകലാശാലയുടെ കണക്കുകൾ. s

# കേരള യൂണിവേഴ്സിറ്റിയുടെ ഗവേഷക വിദ്യാർത്ഥികൾക്ക് ഇന്ദ്രജാല പഠനം സാധ്യമാക്കും:

## വൈസ് ചാൻസിലർ ഇന്ദ്രജാല പഠനത്തിൽ ആദ്യ ഡിപ്ലോമ കരസ്ഥമാക്കി 13 മാന്ത്രികർ

തിരുവനന്തപുരം: കേരള യൂണിവേഴ്സിറ്റിയുടെ ഗവേഷക വിദ്യാർത്ഥികൾക്ക് ഇന്ദ്രജാല പഠനം സാധ്യമാക്കുമെന്ന് വൈസ് ചാൻസിലർ ഡോ. വി പി മഹാദേവൻപിള്ള പറഞ്ഞു. കേരള യൂണിവേഴ്സിറ്റിയുടെ തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രവും(സിഎസിഇഇ) മാജിക് അക്കാദമിയും സംയുക്തമായി നടത്തിയ ഡിപ്ലോമ ഇൻ മാജിക്കൽ ആർട്ട്സ് ആദ്യ ബാച്ചിന്റെ ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതിലൂടെ ഇന്ദ്രജാല മേഖലയിലെ ചരിത്രനേട്ടമാണ് മാജിക് അക്കാദമി കരസ്ഥമാക്കിയതെന്നും ലോകത്തിലാദ്യമായി ഇന്ദ്രജാലത്തിൽ ആദ്യത്തെ ഡിപ്ലോമ കരസ്ഥമാക്കി 13 മാന്ത്രികർ ചരിത്രം സൃഷ്ടിച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ദ്രജാല പഠനം വിദ്യാർത്ഥികളിൽ ആത്മവിശ്വാസം വർധിപ്പിക്കുമെന്നും കൂടുതൽ കുട്ടികളിലേക്ക് ഇന്ദ്രജാല വിദ്യാഭ്യാസം വ്യാപിപ്പിക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കുമെന്നും ചടങ്ങ് ഓൺലൈനായി ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി ആർ ബിന്ദു പറഞ്ഞു.മാജിക് അക്കാദമി രക്ഷാധികാരി അടൂർ ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ കോഴ്സിലെ വിജയികൾക്ക് കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

മാജിക് അക്കാദമി എക്സിക്യൂട്ടീവ് ഡയറക്ടർ ഗോപിനാഥ് മുതുകാട് ആമുഖ പ്രഭാഷണം നടത്തി. മാജിക് അക്കാദമി ഡയറക്ടർ ചന്ദ്രസേനൻ മിതൃമ്മല സ്വാഗതവും സിഎസിഇഇ ഡയറക്ടർ ഡോ. കെ എസ് സുരേഷ് കുമാർ നന്ദിയും പറഞ്ഞു. തുടർന്ന് കോഴ്സിൽ പങ്കെടുത്ത് വിജയിച്ച ലതാ മങ്കേഷ് ഇന്ദ്രജാല പ്രകടനം നടത്തി. കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രമാണ് മാജിക് അക്കാദമിയുടെ കോഴ്സ് ഏറ്റെടുത്ത് നടത്തിയത്.

# കോവിഡ് മരണം: ബിപിഎൽ കുടുംബങ്ങൾക്ക് ധനസഹായത്തിനുള്ള ഉത്തരവായി

തിരുവനന്തപുരം: കോവിഡ് ബാധിച്ച് മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബിപിഎൽ കുടുംബങ്ങൾക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി സമാശ്വാസ ധനസഹായം ലഭ്യമാക്കുന്നതിന് ഉത്തരവായി. പ്രതിമാസം 5000 രൂപ വീതം മൂന്ന് വർഷക്കാലയളവിലേക്ക് ലഭ്യമാക്കും. ഇതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തുന്നത് വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കും. മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്ന കുടുംബങ്ങൾ ഈ പദ്ധതി പ്രകാരമുള്ള സമാശ്വാസ ധനസഹായത്തിന് അർഹരല്ല. ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രകാരം സാമൂഹ്യ, ക്ഷേമനിധി, മറ്റ് പെൻഷനുകൾ ആശ്രിതർക്ക് ലഭ്യമാകുന്നത് അയോഗ്യതയായി കണക്കാക്കില്ല. വ്യക്തി സംസ്ഥാനത്തിനകത്തോ പുറത്തോ രാജ്യത്തിന് പുറത്തോ മരണപ്പെടുകയാണെങ്കിലും കുടുംബം സംസ്ഥാനത്തിനകത്ത് സ്ഥിരതാമസമാക്കിയിട്ടുണ്ടെങ്കിൽ ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കും. സമാശ്വാസം ലഭ്യമാക്കുന്നതിനായി ബിപിഎൽ വിഭാഗത്തിൽ ഉൾപ്പെടുത്താൻ വരുമാനം നിശ്ചയിക്കുമ്പോൾ മരണപ്പെട്ട വ്യക്തിയുടെ വരുമാനം ഒഴിവാക്കണം. ആശ്രിത കുടുംബത്തിൽ സർക്കാർ ജീവനക്കാരോ ആദായ നികുതിദായകരോ ഇല്ലെന്ന് വില്ലേജ് ഓഫീസർ ഉറപ്പുവരുത്തുകയും വേണം. കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികൾക്ക് വനിതാശിശു വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നും 2000 രൂപ വീതം 18 വയസുവരെ നിക്ഷേപത്തിനും മൂന്ന് ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപം തുടങ്ങുന്നതിനും കൂടാതെ കുട്ടികളുടെ ബിരുദതലം വരെയുള്ള പഠനച്ചെലവുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകി നേരത്തെ ഉത്തരവായിരുന്നു.

# ബാങ്കുകളുടെ ബഹുജന സമ്പർക്ക പരിപാടിയും വായ്പാമേളയും 26ന്

തിരുവനന്തപുരം: ജില്ലയിലെ ലീഡ് ബാങ്കിന്റെ നേതൃത്വത്തിൽ വിവിധ ബാങ്കുകൾ പങ്കെടുക്കുന്ന ബഹുജന സമ്പർക്ക പരിപാടിയും വായ്പാ വിതരണമേളയും 26ന് നടക്കും. രാവിലെ 10 മണി മുതൽ വൈകിട്ട് അഞ്ച് മണി വരെ പാളയം അയ്യൻ കാളി ഹാളിൽ വച്ചാണ് പരിപാടി നടക്കുന്നത്. ഉദ്ഘാടനം ധനകാര്യമന്ത്രി കെ എൻ ബാലഗോപാൽ നിർവഹിക്കും. ജില്ലാ കളക്ടർ. ഡോ. നവജ്യോത് ഖോസ ഐഎഎസ് അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ മുഖ്യപ്രഭാഷണം നടത്തും. വി കെ പ്രശാന്ത് എംഎൽഎ സ്റ്റാളുകളുടെ ഉദ്ഘാടനം നിർവഹിക്കും. ഐഒബി ഡപ്യൂട്ടി ജനറൽ മാനേജർ വിഎച്ച് സുരേഷ് സ്വാഗതമാശംസിക്കും. നബാർഡ് ചീഫ് ജനറൽ മാനേജർ പി ബാലചന്ദ്രൻ, കനറാ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ വിദ്യ വെങ്കിടേഷ്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ജി രാജീവ്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ ഡെപ്യൂട്ടി ജനറൽ മാനേജർ സായി സുബ്രമണി, ലീഡ് ഡിസ്ട്രിക്ട് മാനേജർ ജി ശ്രീനിവാസപൈ തുടങ്ങിയവർ സംസാരിക്കും. വിവിധ ബാങ്കുകളുടെ വായ്പാ വിതരണവും യോഗത്തിൽ നടക്കും. ജനങ്ങൾക്ക് ബാങ്കുകളുടെ സ്റ്റാളുകൾ സന്ദർശിച്ച് നിക്ഷേപവായ്പാ പദ്ധതികളെക്കുറിച്ച് മനസിലാക്കാനും ഡിജിററൽ ബാങ്കിങിനെകുറിച്ചുളള സംശയനിവാരണത്തിനും സൗകര്യമുണ്ടാകും.

# ഗ്രാമപഞ്ചായത്തുകൾക്ക് പുതിയ കെട്ടിടം വരുന്നു

തിരുവനന്തപുരം: സംസ്ഥാനത്തെ കൂടുതൽ ഗ്രാമപഞ്ചായത്തുകൾക്ക് പുതിയ കെട്ടിടം ഒരുങ്ങുന്നു. എട്ട് ഗ്രാമ പഞ്ചായത്തുകളുടെ ഓഫീസ് കെട്ടിട നിർമ്മാണത്തിനും 50 ഗ്രാമ പഞ്ചായത്തുകളുടെ ഓഫീസ് കെട്ടിട പുനരുദ്ധാരണത്തിനും ധനസഹായം അനുവദിച്ചു.

പത്തനംതിട്ട ജില്ലയിലെ നിരണം, കൊറ്റനാട് ആലപ്പുഴയിലെ തിരുവൻവണ്ടൂർ, ഇടുക്കിയിലെ വാത്തിക്കുടി, തൃശൂരിലെ ആതിരപ്പള്ളി, കോഴിക്കോട് തൂണേരി, കണ്ണൂർ മലപ്പട്ടം, കാസർകോട് വലിയപറമ്പ എന്നീ ഗ്രാമപഞ്ചായത്തുകൾക്കാണ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് 20 ലക്ഷം രൂപ വീതം അനുവദിക്കുന്നത്.

ഓഫീസ് കെട്ടിട പുനരുദ്ധാരണത്തിന് 50 ഗ്രാമ പഞ്ചായത്തുകൾക്ക് നാല് ലക്ഷം രൂപ വീതമാണ് അനുവദിക്കുന്നത്.

തിരുവനന്തപുരത്തെ പുല്ലമ്പാറ, ഉഴമലയ്ക്കൽ, പെരുങ്കടവിള. കൊല്ലത്തെ മൺട്രോത്തുരുത്ത്, എളമാട്, പത്തനംതിട്ടയിലെ തോട്ടപ്പുഴശ്ശേരി, ഓമല്ലൂർ, ആലപ്പുഴയിലെ പെരുമ്പാലം, ചെറുതന, വെളിയനാട്, തകഴി, കോട്ടയത്തെ കൊരുത്തോട്, പൂഞ്ഞാർ തെക്കേക്കര, വെച്ചൂർ, അകൽക്കുന്നം, ഇടുക്കി ആലക്കോട്, എടവെട്ടി, പീരുമേട്, ചക്കുപ്പള്ളം, എറണാകുളം ചേന്നമംഗലം, അയ്യംപുഴ, വാഴക്കുളം. തൃശൂർ പോർക്കുളം, നെൻമണിക്കര, പുത്തൻചിറ, അന്തിക്കാട്, പാലക്കാട് ചളവറ, കുമരംപുത്തൂർ, കാപ്പൂർ, അലനല്ലൂർ, മലപ്പുറം ഏലംകുളം ഇരിമ്പിലം പെരുമണ്ണക്ലറി, എടയൂർ, കോഴിക്കോട് തുറയൂർ, മേപ്പയ്യൂർ, മണിയൂർ, ചെക്യാട്, വയനാട് തരിയോട്, തിരുനെല്ലി, മീനങ്ങാടി, കണ്ണൂർ കോട്ടയം, കരിവെള്ളൂർ, പടിയൂർ കല്ല്യാട്, ഏഴോം, കുറുമാത്തൂർ, കാസർകോട് വലിയപറമ്പ, ബലാൽ, ബെല്ലൂർ, വെസ്റ്റ് എളേരി എന്നീ പഞ്ചായത്തുകൾക്കാണ് ധനസഹായം. ആർജിഎസ്എയുടെ 202122 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിനും ഓഫീസ് കെട്ടിട പുനരുദ്ധാരണത്തിനും ധനസഹായം അനുവദിക്കുന്നത്.

# നീണ്ട ലോക്ഡൗൺ കാലത്തിന് ശേഷം മെൽബൺ തുറന്നു

മെൽബൺ: കോവിഡ് വ്യാപനത്തെ തുടർന്ന് ദീർഘകാലമായി അടച്ചിട്ടിരുന്ന ഓസ്ട്രേലിയയിലെ ഏറ്റവും വലിയ രണ്ടാമത്തെ നഗരമായ മെൽബൺ ഇന്നലെ തുറന്നു.

ഏകദേശം ഒമ്പത് മാസങ്ങൾക്ക് (262 ദിവസം) ശേഷമാണ് നഗരത്തിൽ ലോക്ഡൗൺ പിൻവലിക്കുന്നത്. ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ ദിവസം അടച്ചുപൂട്ടിയ നഗരങ്ങളിൽ ഒന്നാണ് മെൽബൺ. നഗരം തുറന്നു നൽകി മണിക്കുറുകൾക്കുള്ളിൽ തന്നെ പബ്ബുകൾ, സലൂണുകൾ, റസ്റ്റോറന്റുകൾ എന്നിവിടങ്ങളിലേക്ക് ജനങ്ങൾ ഒഴുകിയെത്തി.

ലോക്ഡൗൺ പിൻവലിച്ചതിന്റെ സന്തോഷസൂചകമായി ജനങ്ങൾ ബാൽക്കണിയിൽ നിന്ന് കൈയ്യടിക്കുകയും ആഹ്ലാദിക്കുകയും ചെയ്തു. ഇതൊരു മനോഹരമായ ദിവസമാണെന്ന് പ്രധാന മന്ത്രി സ്കലോട്ട് മോറിസൺ പറഞ്ഞു. ഓസ്ട്രേലിയയിലെ മുതിർന്നവരിൽ 70 ശതമാനത്തിലധികം പേർക്കും മുഴുവൻ ഡോസ് വാക്സിനും നൽകിയിട്ടുണ്ടെന്ന് അധികൃതർ വ്യക്തമാക്കി.

ലോക്ഡൗണിൽ ഇളവുകൾ വന്നതിനാൽ വിമാന സർവീസുകൾ പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളും ചർച്ച ചെയ്ത് വരുകയാണെന്ന് അധികൃതർ പറഞ്ഞു. റസ്റ്റോറന്റുകളിൽ 20 ആളുകളും പുറത്ത് 50 പേരും എന്ന രീതിയിലാണ് നിലവിലെ ലോക്ഡൗൺ ഇളവുകളിൽ പറയുന്നത്.

വാക്സിൻ സ്വീകരിച്ചവർക്ക് മാത്രമേ ഭക്ഷശാലകളിലും പ്രവേശനമുള്ളു. വീടുകളിൽ 10 പേരിൽ കൂടുതൽ സന്ദർശനാനുമതിയില്ല. മാസ്ക് നിർബന്ധമായി തുടരുമെന്നും ആരോഗ്യ മന്ത്രാലയത്തിന്റെ മാർഗനിർദ്ദേശത്തിൽ പറയുന്നു.




മാജിക് പ്ലാനറ്റിന്റെ ഏഴാം വാർഷികാഘോഷം മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യുന്നു

# കോഴിക്കോട് അരിപ്പാറയിൽ 'സിയാലി'ന്റെ ജലവൈദ്യുത പദ്ധതി

കൊച്ചി:സൗരോർജ വിമാനത്താവളം എന്ന നേട്ടത്തിനുപിന്നാലെ, ജലവൈദ്യുത ഉൽപ്പാദനരംഗത്തേക്ക് ചുവടുവച്ച് സിയാൽ. നിർമാണം പൂർത്തിയായ ആദ്യ ജലവൈദ്യുത പദ്ധതി നവംബർ ആറിന് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. കോഴിക്കോട് അരിപ്പാറയിൽ ഇരുവഴിഞ്ഞിപ്പുഴയിലാണ് ജലവൈദ്യുതനിലയം സ്ഥാപിച്ചത്. സംസ്ഥാന വൈദ്യുതിവകുപ്പിന്റെ ചെറുകിട ജലവൈദ്യുതി നയംപ്രകാരമാണ് സിയാലിന് പദ്ധതി അനുവദിച്ചത്. കോവിഡ് പ്രതിസന്ധികൾക്കിടയിലും അതിവേഗം പദ്ധതി പൂർത്തിയാക്കാൻ സിയാലിനായി. 4.5 മെഗാവാട്ടാണ് ശേഷി.

പദ്ധതിക്കായി 32 സ്ഥലമുടമകളിൽനിന്നായി അഞ്ചേക്കർ സ്ഥലം ഏറ്റെടുത്തു. ഇരുവഴിഞ്ഞിപ്പുഴയ്ക്കുകുറുകെ 30 മീറ്റർ വീതിയിൽ തടയണ കെട്ടി അരക്കിലോമീറ്റർ അകലെയുള്ള അരിപ്പാറ പവർഹൗസിലേക്ക് പെൻസ്റ്റോക്ക് കുഴൽവഴി വെള്ളമെത്തിച്ചാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത്. 52 കോടി രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്.

2015ൽ വിമാനത്താവളം ഊർജ സ്വയംപര്യാപ്തത കൈവരിച്ചശേഷം, വൈദ്യുതോൽപ്പാദനരംഗത്തുള്ള ഏറ്റവും വലിയ ചുവടുവയ്പാണിത്. പദ്ധതി പൂർത്തിയാക്കാൻ സിയാൽ ചെയർമാൻ എന്നനിലയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വവും മാർഗനിർദേശങ്ങളും നിർണായകമായെന്ന് സിയാൽ എംഡി എസ് സുഹാസ് പറഞ്ഞു. നവംബർ ആറിന് പകൽ 11ന് സെക്രട്ടറിയറ്റ്, കൊച്ചി സിയാൽ, കോഴിക്കോട് അരിപ്പാറ പവർഹൗസ് എന്നിവിടങ്ങളിലായി ഓൺലൈനായാണ് ഉദ്ഘാടനം. അരിപ്പാറയിലും കൊച്ചിയിലും വേദികളുണ്ടാകും.



സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി നിർവ്വഹിക്കുന്നു. മന്ത്രിമാരായ ആന്റണി രാജു, ജി. ആർ അനിൽ എന്നിവർ സമീപം

# കേരളപ്പിറവി ദിനം ആഹ്ളാദത്തിൻെറയും അഭിമാനത്തിൻെറയും നിമിഷം: മുഖ്യമന്ത്രി



തിരുവനന്തപുരം: ഐക്യ കേരളത്തിന് 65 വയസ് തികയുന്ന സുദിനം ഓരോ മലയാളിക്കും ആഹ്ലാദത്തിൻെറയും അഭിമാനത്തിൻെറയും മുഹൂർത്തമാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ.

ആധുനിക കേരളത്തിൻെറ ചരിത്രത്തെ അഭിമാനത്തോടെയും, അതേസമയം, വിമർശനബുദ്ധിയോടെയും വിലയിരുത്തുമെന്നും നാടിൻെറ നന്മയ്ക്കും പുരോഗതിക്കുമായി സ്വയം സമർപ്പിക്കുമെന്നും ഓരോരുത്തരും ഉറക്കെ പ്രഖ്യാപിക്കേണ്ട സന്ദർഭം കൂടിയാണിന്നെന്നും ആശംസാ സന്ദേശത്തിൽ മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

# റോഡുകളുടെ അറ്റകുറ്റപണിക്കു സ്ഥിരം സംവിധാനം വേണം : മന്ത്രി മുഹമ്മദ് റിയാസ്



തിരുവനന്തപുരം: ദേശീയ പാത അഥോറിറ്റിയുടെ കീഴിൽ സംസ്ഥാനത്തുള്ള റോഡുകളുടെ അറ്റകുറ്റപ്പണിക്കു സ്ഥിരം സംവിധാനം വേണമെന്നു മന്ത്രി പി.എ.മുഹമ്മദ് റിയാസ് നിയമസഭയിൽ അറിയിച്ചു.

അറ്റകുറ്റപ്പണിക്കായി നിശ്ചിത നിരക്കിൽ നിശ്ചിത ഫണ്ട് അനുവദിക്കണമെന്നു കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുമായി കഴിഞ്ഞ ആഴ്ച നടത്തിയ ചർച്ചയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥിരം സംവിധാനം കൊണ്ടുവരാമെന്നു അദ്ദേഹം ഉറപ്പുനൽകി. രണ്ടുമാസത്തിലൊരിക്കൽ ദേശീയ പാത അഥോറിറ്റിയുമായി ഇക്കാര്യത്തിൽ ചർച്ച നടത്തും. സംസ്ഥാനത്തിൻെറ ആവശ്യം അംഗീകരിക്കപ്പെട്ടാൽ പ്രശ്നത്തിന് ശാശ്വത പരിഹാരമാകുമെന്നും മന്ത്രി വ്യക്തമാക്കി.

ഭാരത് മാല പദ്ധതിയിൽ സംസ്ഥാനത്തെ 12 റോഡുകൾ കൂടി ഉൾപ്പെടുത്തും. ചൊവ്വകൂട്ടുന്പുഴമൈസൂർ പാത ദേശീയ പാതയായി പ്രഖ്യാപിക്കും. ഇക്കാര്യത്തിൽ കേന്ദ്രമന്ത്രി അനുകൂല നിലപാടാണ് അറിയിച്ചത്. തുറമുഖ വികസനവുമായി ബന്ധപ്പെട്ട് 11 റോഡുകൾ കൂടി ഭാരത് മാലാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദപദ്ധതി രേഖകൾ തയ്യാറാക്കി വരുന്നു.

റോഡുകളുടെ അറ്റകുറ്റപ്പണിക്കും നവീകരണത്തിനുമായി വർക്ക് കലണ്ടർ അനിവാര്യമാണ്. ഇതു സംബന്ധിച്ച് കരാറുകാരുമായി നടത്തിയ ചർച്ചയിലും അനുകൂല സമീപനമാണ് ഉണ്ടായത്. കാലാവസ്ഥയ്ക്ക് അനുസരിച്ച് റോഡുകൾ നന്നാക്കുന്ന സംവിധാനം സ്വീകരിക്കും. ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്കുള്ള ജില്ലാ കേന്ദ്രം കണ്ണൂരാണ്. കോഴിക്കോട്ടെ കുരുക്ക് പരിഹരിച്ചതുപോലെ കണ്ണൂരിലും സംവിധാനം ഉണ്ടാക്കും.

എടപ്പാൾ മേൽപ്പാലം പൂർത്തിയാക്കി ഈ വർഷം ഉദ്ഘാടനം ചെയ്യുമെന്നും മന്ത്രി റിയാസ് പറഞ്ഞു.

# രക്ഷിതാക്കൾ ആശങ്കപ്പെടേണ്ടതില്ല: മന്ത്രി വി. ശിവൻകുട്ടി

ചാത്തന്നൂർ: കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തിയ ശേഷമാണ് സ്കൂളുകൾ തുറക്കുന്നതെന്നും രക്ഷിതാക്കൾക്ക് ഒരു ഉത്കണ്ഠയും ഇക്കാര്യത്തിൽ വേണ്ടെന്നും മന്ത്രി വി. ശിവൻകുട്ടി. ഒരു മാസം മുമ്പേ സ്കൂൾ തുറക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചു. വിവിധ തലത്തിലുള്ള മാർഗ നിർദേശങ്ങൾ പാലിച്ചുമാണ് സ്കൂൾ തുറക്കുന്നത്.

കുട്ടികളുടെ ചെറിയ കാര്യങ്ങളിൽപോലും ബുദ്ധിമുട്ടുണ്ടാക്കരുത്. കുട്ടികളെ 1015 പേരുള്ള ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിൻെറയും ഉത്തരവാദിത്വം ഓരോ അധ്യാപകർക്കായിരിക്കും. ആർക്കെങ്കിലും എന്തെങ്കിലും അസ്വസ്ഥത ഉണ്ടായാൽ ഗ്രൂപ്പിലെല്ലാവരെയും ക്വാറൻറൈനിലാക്കുമെന്നും മന്ത്രി പറഞ്ഞു.

സ്കൂളുകൾ തുറന്നാൽ രണ്ടാഴ്ചയോളം അറ്റൻഡൻസും യൂണിഫോമും നിർബന്ധമാക്കില്ല. കളിയും ചിരിയും മാനസികോല്ലാസത്തിനുള്ള അവസരങ്ങളുമായിരിക്കും ഉണ്ടാവുക.

ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകളുടെയും അക്കാദമിക് വിദഗ്ധരുടെയും മാർഗരേഖകളനുസരിച്ചായിരിക്കും സ്കൂളുകൾ പ്രവർത്തിക്കുന്നത്. പഠന പിന്നാക്കാവസ്ഥയിലുള്ളവർക്കും മാനസിക വൈകല്യമുള്ളവർക്കും ആരോഗ്യ വകുപ്പിൻെറ മാർഗരേഖകളനുസരിച്ചായിരിക്കും പഠനം ക്രമീകരിക്കുന്നത്.

## ചവറ ഐഐഐസിയിൽ തൊഴിൽ പഠിക്കാം; ഈയാഴ്ച സ്പോട്ട് അഡ്മിഷൻ

കേരളസർക്കാർ തൊഴിൽവകുപ്പിനുകീഴിൽ ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിലെ തൊഴിലധിഷ്ഠിതപരിശീലനപരിപാടികളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ നവംബർ 3, 5, 6 തീയതികളിൽ നടക്കും.

മൂന്നുമാസം ദൈർഘ്യമുള്ള ടെക്നിഷ്യൻ കോഴ്സുകളായ പ്ലംബർ ജനറൽ ലെവൽ 4, കൺസ്ട്രക്ഷൻ ഫീൽഡ് ലബോറട്ടറി ടെക്നീഷ്യൻ ലെവൽ 4, അസിസ്റ്റന്റ് ഇലക്ട്രീഷ്യൻ ലെവൽ 3, ബാർബെൻഡർ ആൻഡ് സ്റ്റീൽ ഫിക്സർ ലെവൽ 4, അസിസ്റ്റന്റ് സർവേയർ ലെവൽ 2 എന്നീ പ്രോഗ്രാമുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് പത്താംക്ലാസ്സു പാസ്സായവർക്ക് അപേക്ഷിക്കാം.

പ്ലസ് ടു പാസായവർക്ക് ആറുമാസത്തെ പ്ലംബിംഗ് ഫോർമാൻ ലെവൽ 5, ഒരു വർഷത്തെ അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മന്റ് എന്നീ കോഴ്സുകളിലേക്കും ഡിപ്ലോമ സിവിൽ കഴിഞ്ഞവർക്ക് ക്വാളിറ്റി ടെക്നീഷ്യൻ പ്രോഗ്രാമിലേക്കും അപേക്ഷിക്കാം.

അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ജിഐഎസ് / ജിപിഎസ്സിൽ ഏതാനും സീറ്റുകളിൽ ഒഴിവുണ്ട്. ബിഎസ്സി ബിരുദധാരികൾ, ബിടെക് സിവിൽ, ഡിപ്ലോമ സിവിൽ എന്നിവ കഴിഞ്ഞവർക്ക് അപേക്ഷിക്കാം. മാനേജീരിയൽ പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ബിടെക് സിവിൽ, ബി ആർക്ക് യോഗ്യതയുള്ളവർക്കും അപേക്ഷിക്കാം.

അത്യാധുനിക സങ്കേതങ്ങളും യന്ത്രങ്ങളും ഉപയോഗിച്ച് അന്താരാഷ്ട്രനിലവാരത്തിൽ നിർമ്മാണം നടത്തുന്ന, രാജ്യത്തെ മികച്ച സ്ഥാപനങ്ങളിൽ ഒന്നായ യുഎൽസിസിഎസ് ആണ് കോഴ്സുകളും പ്രായോഗികപരിശീലനവും നടത്തുന്നത്.

സ്പോട്ട് അഡ്മിഷന് 8078980000ൽ വിളിച്ചു രജിസ്റ്റർ ചെയ്യാം. അപേക്ഷകർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുമായി മേൽപ്പറഞ്ഞ തീയതികളിൽ സ്ഥാപനത്തിൽ നേരിട്ട് എത്തണം. വിശദ വിവരങ്ങൾക്കു വെബ്സൈറ്റ് സന്ദർശിക്കുക www i-i-i-c.a-c.in

# ദുർബലവിഭാഗത്തിന് നിയമപരിരക്ഷ ഉറപ്പാക്കണം: ജസ്റ്റീസ് ഉമേഷ് ഉദയ് ലളിത്

തിരുവനന്തപുരം: സമൂഹത്തിൻെറ താഴെത്തട്ടിലുള്ള പ്രത്യേക വിഭാഗങ്ങൾ, സ്ത്രീകൾ, കുട്ടികൾ എന്നിവർക്ക് നിയമപരിരക്ഷ ഉറപ്പാക്കുന്നതിന് ലീഗൽ സർവീസ് അഥോറിറ്റി പ്രതിജ്ഞാബദ്ധമാണെന്ന് സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് ഉമേഷ് ഉദയ് ലളിത് അഭിപ്രായപ്പെട്ടു.

സ്വാതന്ത്ര്യത്തിൻെറ അമൃതോത്സവത്തിൻെറ ഭാഗമായി കേരള ലീഗൽ സർവീസ് അഥോറിറ്റിയുടെ ആഭിമുഖ്യത്തിൽ വെള്ളാർ ക്രാഫ്റ്റ് വില്ലേജിൽ സംഘടിപ്പിച്ച നിയമ ബോധവത്കരണ ക്യാമ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യൻ ഭരണഘടന അർഹതയുള്ള ഓരോ പൗരനും സൗജന്യ നിയമസഹായം ഉറപ്പു തരുന്നുണ്ട്. ഇത് നൽകാൻ സംവിധാനമുണ്ടെങ്കിലും അത് പ്രയോജനപ്പെടുത്താൻ എല്ലാവരെയും പ്രാപ്തരാക്കുന്ന വിധത്തിൽ ബോധവത്കരണം അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

കെൽസ എക്സിക്യൂട്ടീവ് ചെയർമാൻ ജസ്റ്റീസ് കെ. വിനോദ് ചന്ദ്രൻ, ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് എസ്.വി. ഭാട്ടി, ജസ്റ്റീസ് അലക്സാണ്ടർ തോമസ്, ജസ്റ്റീസ് എ. മുഹമ്മദ് മുഷ്താഖ്, അഡ്വക്കേറ്റ് ജനറൽ കെ. ഗോപാലകൃഷ്ണകുറുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ ജി. മുരളീധരൻ, ഡിജിപി അനിൽ കാന്ത്, തിരുവനന്തപുരം ബാർ അസോസിയേഷൻ പ്രസിഡൻറ് അഡ്വ. എസ്.എസ്. ബാലു എന്നിവർ പ്രസംഗിച്ചു.

# ഇന്ന് 5297 പേർക്ക് കോവിഡ്; 78 മരണം; പരിശോധിച്ചത് 51,577 സാമ്പിളുകൾ



തിരുവനന്തപുരം: കേരളത്തിൽ ഇന്ന് 5297 പേർക്ക് കോവിഡ് 19 സ്ഥിരീകരിച്ചു. എറണാകുളം 867, തിരുവനന്തപുരം 750, കോഴിക്കോട് 637, തൃശൂർ 537, കണ്ണൂർ 417, പത്തനംതിട്ട 350, കൊല്ലം 304, മലപ്പുറം 302, പാലക്കാട് 264, ഇടുക്കി 255, കോട്ടയം 228, വയനാട് 184, ആലപ്പുഴ 132, കാസർഗോഡ് 70 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 51,577 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) പത്തിന് മുകളിലുള്ള 77 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 115 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 2,67,802 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 2,62,274 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറൻറൈനിലും 5528 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 213 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിലവിൽ 76,786 കോവിഡ് കേസുകളിൽ, എട്ട് ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 78 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻെറ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 58 മരണങ്ങളും, മതിയായ രേഖകളില്ലാത്തത് കാരണം സ്ഥിരീകരിക്കാതിരുന്ന കഴിഞ്ഞ ജൂൺ 18 വരെയുള്ള 232 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 32,049 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 16 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 4967 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 293 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 21 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 7325 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 792, കൊല്ലം 609, പത്തനംതിട്ട 27, ആലപ്പുഴ 390, കോട്ടയം 502, ഇടുക്കി 875, എറണാകുളം 1366, തൃശൂർ 107, പാലക്കാട് 398, മലപ്പുറം 454, കോഴിക്കോട് 953, വയനാട് 269, കണ്ണൂർ 441, കാസർഗോഡ് 142 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 76,786 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 48,64,506 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# വാഹനാപകടത്തിൽ അൻസി മരിച്ചതറിഞ്ഞ് അമ്മ വിഷംകഴിച്ചു; ആശുപത്രിയിൽ



തിരുവനന്തപുരം : വാഹനാപകടത്തിൽ മകൾ മരിച്ചതിനെത്തുടർന്ന് അമ്മ വിഷം കഴിച്ചു. വൈറ്റിലയിൽ വാഹനാപകടത്തിൽ മരിച്ച ആറ്റിങ്ങൽ ആലംകോട് പാലാംകോണം സ്വദേശി അൻസി കബീറിന്റെ മാതാവ് അൻസി കോട്ടേജിൽ റസീനയാണ് ആത്മഹത്യയ്ക്ക് ശ്രമിച്ചത്. ഇവരെ പൊലീസ് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പിതാവ് കബീർ വിദേശത്താണ്.

ഇന്നു പുലർച്ചെ കൊച്ചിയിൽ നടന്ന വാഹനാപകടത്തിലാണ് മുൻ മിസ് കേരള അൻസി കബീർ മരിച്ചത്. അൻസിയുടെ സുഹൃത്താണ് മരണവിവരം അടുത്തുള്ള വീട്ടിൽ വിളിച്ചറിയിച്ചത്. ഇതിനിടെ മറ്റാരിൽനിന്നോ വിവരം അറിഞ്ഞ റസീന വിഷം കഴിക്കുകയായിരുന്നു.

വാതിൽ തുറക്കാത്തതിനെത്തുടർന്ന് അയൽവാസികൾ പൊലീസിൽ വിവരം അറിയിച്ചു. പിന്നീട് റസീന വാതിൽ തുറക്കുകയും ഛർദിക്കുകയും ചെയ്തു. സ്ഥലത്തെത്തിയ പൊലീസ് ഇവരെ ആശുപത്രിയിലേക്കു മാറ്റുകയായിരുന്നു.



മലയാള ഭാഷാ-സഹായ സാങ്കേതികവിദ്യ സേവനോപാധികൾ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.